# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 16 THE ONLINE OFFICIAL NEWS BULLETIN 2026 April 16


## SEASON OF RESURRECTION ഉയിർപ്പുകാലം ܩܕܡܝ ܘܨܦܪܐ

| ܚܕ ܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬ ܒܫܒܐ TUESDAY | ܐܪܒܥ ܒܫܒܐ WEDNESDAY | ܚܡܫ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 19 | 20 | 21 | 22 | 23 | 24 | 25 |
| 1st Sunday after New Sunday | | Comme. of Mawdyane 232nd Mem. Yuhanon Mar Ivanios Episcopa ✠ (Chengannur) | 338th Mem. of Mar Thoma III ✠ (Kadambanad St. Thomas Cathedral) | Comme. of St. George the Great Martyr | | Comme. of St. Mark the Evangelist Comme. Confessors of Faith 356th Mem. of Mar Thoma I ✠ (Ankamaly Cheriya Palli) |

ഗീവർഗീസ് മാർ ഈവാനിയോസിന്റെ 13-ാം ഓർമ്മപ്പെരുന്നാളിൽ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.

നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റ് സംഘടിപ്പിച്ച നിലയ്ക്കൽ നസ്രാണി സംഗമത്തിൽ റൂബി ജൂബിലി സ്മരണികയുടെ പ്രകാശന കർമ്മം പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം സഭയുടെ വിശുദ്ധ കുർബാന ക്രമം ഇംഗ്ലീഷ് പതിപ്പ് പ്രസിദ്ധീകരിച്ചു. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഗീവർഗീസ് മാർ കൂറിലോസിന് നൽകി പ്രകാശന കർമ്മം നിർവഹിച്ചു. യുഹാനോൻ മാർ പോളികാർപ്പോസ്, ഡോ. യുഹാനോൻ മാർ മാർ ദിയസ്കോറോസ്, ഗീവർഗീസ് മാർ തെയോഫിലോസ്, സഖറിയ മാർ സേവേറിയോസ് എന്നിവർ സന്നിഹിതരായിരുന്നു.

കോട്ടയം മെത്രാസന ശതോത്തര സുവർണ ജൂബിലി സ്തോത്ര സമർപ്പണം പാമ്പാടി ദയറായിൽ നടന്നു. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വി. കുർബ്ബാന അർപ്പിച്ചു.

പരിശുദ്ധ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയുടെ അന്താരാഷ്ട്ര മാർത്തോമൻ തീർത്ഥാടന കേന്ദ്രമായ തിരുവിതാംകോട് അരപ്പള്ളിയിൽ പെരുന്നാൾ സന്ധ്യ നമസ്കാരത്തിന് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിച്ചു.

## മലങ്കര അസോസിയേഷൻ മുളന്തുരുത്തിയിൽ

കോട്ടയം: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് പരിശുദ്ധനായ പരുമല തിരുമേനിയുടെ ജന്മനാടായ മുളന്തുരുത്തി വേദിയാകും. മലങ്കര അസോസിയേഷൻ ഓഗസ്റ്റ് 27-ന് ചേരാൻ പഴയസെമിനാരിയിൽ ചേർന്ന സഭാ മാനേജിംഗ് കമ്മിറ്റിയുടെ പ്രത്യേക യോഗം തീരുമാനിച്ചു. അസോസിയേഷൻ മെത്രാൻ സ്ഥാനത്തേയ്ക്കു നാല് പേരെ തിരഞ്ഞെടുക്കും. പള്ളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നാലായിരത്തോളം പ്രതിനിധികൾക്കാണ് മലങ്കര അസോസിയേഷനിൽ വോട്ടവകാശമുള്ളത്.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

# പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1950)

## സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



23-2-1951. കോട്ടയം. ഇന്ന് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ആയിരുന്നു. പാമ്പാടി മെത്രാച്ചൻ ശരീരസുഖമില്ലാത്തതിനാൽ വന്നില്ല. മറ്റു മെത്രാച്ചന്മാരെല്ലാവരും ഉണ്ടായിരുന്നു. നേരത്തെ നിശ്ചയിച്ചതനുസരിച്ചു കുർബ്ബാനമദ്ധ്യേ തിയോളജിക്കൽ സെമിനാരിയിലെ ഏഴു വിദ്യാർത്ഥികൾക്കു യൗപ്പദിയക്കിനോ സ്ഥാനം നൽകുകയുണ്ടായി. പെരുന്നാൾ വളരെ ആഘോഷമായി കൊണ്ടാടി.

അഖില ക്രിസ്തീയ സഭാ സംഘടനയുടെ ഒരു സെക്രട്ടറി ഒരു വെള്ളക്കാരൻ ഇവിടെ എത്തി നമ്മുടെ ശുശ്രൂഷ കണ്ടു തൃപ്തി പ്രകടിപ്പിക്കുകയുണ്ടായി. വൈകിട്ട് സായിപ്പിന്റെ ബഹുമാനാർത്ഥം നാം സെമിനാരിയിലെ കമ്മിറ്റി മാളികയിൽ വച്ചു ഒരു ഡിന്നർ പാർട്ടി നടത്തുകയുണ്ടായി. നമ്മുടെ മെത്രാച്ചന്മാർ എല്ലാവരും തദവസരത്തിൽ ഹാജരുണ്ടായിരുന്നു. നമ്മുടെ വിശ്വാസാചാരങ്ങളെ സംബന്ധിച്ചു സുദീർഘമായി സംസാരിക്കുകയുണ്ടായി. നമ്മുടെ സനാതനമായ വിശ്വാസത്തിൽ അയാൾ അതീവ സന്തോഷം പ്രകടിപ്പിക്കുകയും സത്യവിശ്വാസം പഠിച്ച് സഭകൾ തമ്മിൽ ഐക്യത്തിന് എന്നെങ്കിലും സാദ്ധ്യതയുണ്ടോ എന്ന് ശ്രമിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഡിന്നറിനുശേഷം ഒമ്പതര മണിയോടു കൂടി അദ്ദേഹം സ്ഥലം വിട്ടു.

24-2-1951. കോട്ടയം. കൊറ്റമ്പള്ളി പള്ളിക്കേസ് പ്രമാണിച്ച് അന്വേഷണം നടത്തി. അവിടുത്തെ ഭിന്നതകൾ അവസാനിപ്പിക്കുന്നതിന് നമ്മുടെ പീലക്സിനോസ് മെത്രാച്ചനെ നാം നിയോഗിക്കുകയും മെത്രാച്ചന്റെ സഹായത്തിന് നൈനാനെ അയക്കുകയും ചെയ്തു.

25-2-1951. കോട്ടയം. മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ 'മരണാനന്തര അവസ്ഥ"യെ സംബന്ധിച്ചും "മരിച്ചവരോടു നമുക്കുള്ള കടമ"യെ സംബന്ധിച്ചും വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം പ്രസംഗിച്ചു.

26-2-1951. കോട്ടയം. മാർ തീമോത്തിയോസ് മെത്രാച്ചൻ, മെത്രാച്ചന്റെ ജ്യേഷ്ഠന്റെ ശ്രാദ്ധം പ്രമാണിച്ച് കോടനാട്ടേയ്ക്കു പോയി. വടക്കൻ ഇടവകകളിൽ അദ്ദേഹത്തിന് പ്രതീക്ഷയിലധികം സ്നേബഹുമാനാദികൾ ലഭിക്കുന്നുണ്ടെന്നും 'കണ്ടനാട്' ഇടവകയുടെ ഭരണം പൂർവ്വാധികം ഭംഗിയായി നടത്തിവരുന്നു എന്നും അദ്ദേഹം നമ്മെ അറിയിച്ചതിൽ നാം സന്തോഷവും സംതൃപ്തിയും പ്രദർശിപ്പിച്ചു. മെത്രാച്ചന് 50 രൂപ നാം കൊടുത്തു. മലബാർ മുതലായ പ്രദേശങ്ങളിൽ വേല ചെയ്യുന്നതിന് പട്ടക്കാരുടെ ആവശ്യം വളരെ ഉണ്ടെന്നും അതിലേക്കു നാം മുൻകൈ എടുത്തു പ്രവർത്തിക്കണമെന്നും മെത്രാച്ചൻ നമ്മോടു പറഞ്ഞു. കൊള്ളാവുന്ന ആളുകളെ കണ്ടുപിടിച്ചു പട്ടം കെട്ടി അയക്കുന്നതിന് മെത്രാച്ചന് നാം അനുവാദം നൽകി.

2-3-1951. രാവിലെ കാപ്പിമേശയ്ക്കുശേഷം നാം കുണ്ടറ സെമിനാരിക്കു തിരിച്ചു. യാത്രാമദ്ധ്യേ ചിറത്തലയ്ക്കലെ ഏലിയാസ് തോമസ് കത്തനാരുടെ അപേക്ഷപ്രകാരം ബഥനി അരമനയിൽ എത്തി. എം.ജി.എം. സ്കൂൾ സംബന്ധിച്ച ചില കാര്യങ്ങൾ ആലോചിച്ച ശേഷം അവിടെ നിന്നും പുറപ്പെട്ട് അഞ്ചു മണിയോടു കൂടി കുണ്ടറ സെമിനാരിയിൽ എത്തി. കുണ്ടറ പഴയപള്ളി പെരുന്നാൾ പ്രമാണിച്ച് നേരത്തെ അവിടെ എത്തിയിരുന്ന ദീവന്നാസിയോസ് മെത്രാപ്പോലീത്താ തൃശിനാപ്പള്ളി സ്കൂൾ കാര്യവും മൂറോൻ കൂദാശയ്ക്കു വേണ്ട മരുന്നുകൾ സംബന്ധിച്ചുള്ള വിവരവും നമ്മെ അറിയിച്ചു. മെത്രാച്ചൻ അന്ന് നമ്മോടുകൂടി സെമിനാരിയിൽ താമസിച്ചു. കൊടുവിള പള്ളിക്കാര്യം സംബന്ധിച്ച് വണ്ടയത്ത് കോശി കത്തനാരുടെ വീട്ടുകാർ കാണിക്കുന്ന ഉദാസീനതയെപ്പറ്റി മെത്രാച്ചനും, മെത്രാച്ചൻ അവരോടു നീതിയായും സ്നേഹമായും സഹതാപത്തോടു കൂടിയും പ്രവർത്തിക്കാതെ അവരെ വിസ്മരിച്ചു എന്ന് കോശി കത്തനാരും നമ്മെ അറിയിച്ചു.

3-3-1951. കുണ്ടറ പഴയ പള്ളിക്കാർ പെരുന്നാൾ നടത്തിക്കൊടുക്കുന്നതിന് നിർബ്ബന്ധമായി നമ്മോടപേക്ഷിച്ചു എങ്കിലും യാത്രാക്ലേശം നിമിത്തം മെത്രാച്ചൻ തന്നെ പെരുന്നാൾ നടത്തിയാൽ മതിയെന്നു നാം നിശ്ചയിച്ചു. മെത്രാച്ചൻ രാവിലെ പള്ളിയിൽ എത്തി പെരുന്നാൾ നടത്തിയശേഷം 11 മണിയോടു കൂടി വീണ്ടും സെമിനാരിയിൽ എത്തി.

നമുക്കു പ്രായവും ക്ഷീണവും വർദ്ധിച്ചിരിക്കയാൽ ഇനിയും മൂറോൻ കൂദാശ ചെയ്യുവാൻ സാധിക്കുമോ എന്നു സംശയിക്കുന്നതിനാലും, കൂടെയുള്ള മെത്രാന്മാർ ഇതുപോലെയുള്ള കൂദാശകൾ നിർവ്വഹിക്കുന്നതിന് വേണ്ട പാടവമില്ലാത്തവരാകയാലും നാം സാധാരണ കൂദാശ ചെയ്യാറുള്ളതിന്റെ ഇരട്ടി എങ്കിലും കൂദാശ ചെയ്യണമെന്ന് നമ്മോട് അപേക്ഷിച്ചു. മൂറോന്റെ ആവശ്യത്തിലേക്കു വേണ്ട മരുന്ന് എവിടെ? എങ്ങനെ? ലഭിക്കും എന്ന് അന്വേഷിക്കാൻ നാം മെത്രാച്ചനോടു പറഞ്ഞു. എന്നാൽ മെത്രാച്ചൻ നമ്മുടെ ആവശ്യത്തിലേക്കു 200 കുപ്പി സൈത്തും അതിനു ചേരേണ്ട മറ്റു മരുന്നുകളും നമ്മുടെ അനുമതിയും അറിവും കൂടാതെ ഇടപാടു ചെയ്തു. 7000 രൂപയോളം അവയ്ക്കു തന്നെ വില വരുമെന്നും കൂദാശ സംബന്ധിച്ച് 10000 രൂപാ ചിലവാകുമെന്നും നമ്മെ അറിയിച്ചു. 3000 രൂപയ്ക്കു മേൽ കൂടുതൽ ചിലവു വരുമെന്നു നാം ഉദ്ദേശിച്ചിരുന്നില്ല. അതിനാൽ അളവ് കുറയ്ക്കണമെന്ന് മെത്രാച്ചനോടു നാം ആവശ്യപ്പെട്ടു. മെത്രാച്ചൻ ഇടപാടു ചെയ്യുകയും കമ്പനിക്കാർ മരുന്നു വരുത്തുകയും ചെയ്തിരിക്കെ ഇനിയും അളവു കുറയ്ക്കുന്നത് മെത്രാച്ചന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തുമെന്ന് നമ്മെ അറിയിക്കുകയും അളവ് പിന്നാലെ

മെത്രാച്ചനെ അറിയിക്കാമെന്ന് പറയുകയും ചെയ്തു. തൃശിനാപ്പള്ളി സ്കൂൾ സംബന്ധിച്ച് കാർത്തികപ്പള്ളിക്കാരൻ സഖറിയാ എന്നു പറയുന്ന ആ ദുഷ്ട പിശാച് മെത്രാച്ചനെ വഞ്ചിക്കാൻ ചെയ്ത ശ്രമങ്ങളിൽ മെത്രാച്ചൻ വിഷമിക്കുന്നതിനാൽ ഉടൻതന്നെ അദ്ദേഹം തൃശിനാപ്പള്ളിക്ക് മടങ്ങി.

4-3-1951. കുണ്ടറ. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മരണാനന്തരാവസ്ഥയെ സംബന്ധിച്ചും നമ്മുടെ മരിച്ചുപോയവരോടു നമ്മൾക്കുള്ള കടമയെ സംബന്ധിച്ചും സുദീർഘം പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം കുണ്ടറ നിവാസികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വമ്പിച്ച പൊതുയോഗത്തിൽ സംബന്ധിക്കുന്നതിന് നമ്മുടെ ഈപ്പൻ ശെമ്മാശനും കോശി കത്തനാരും കൂടെ പോയിരുന്നു. ഗവണ്മെന്റിന്റെ ക്രൈസ്തവ വിരുദ്ധമായ പനമ്പള്ളി പദ്ധതി എന്നറിയപ്പെടുന്ന വിദ്യാഭ്യാസ നയത്തിലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനു കൂടിയ ഈ യോഗത്തിൽ ആയിരക്കണക്കിനാളുകൾ തടിച്ചു കൂടിയിരുന്നതായും ജോസഫ് പേട്ട, ഫാദർ മൂത്തേടൻ, കാതോലിക് മാനേജർസ് അസോസിയേഷൻ പ്രസിഡണ്ട് ഫാദർ സെയിൽസ്, കെ. കെ. തോമസ്, വി. ഒ. ഏബ്രഹാം മുതലായി പ്രസിദ്ധ വാഗ്മികൾ പ്രസംഗിച്ചതായും പറഞ്ഞു. മീറ്റിംഗ് വളരെ വിജയപ്രദമായിരുന്നു. കുണ്ടറ പഴയപള്ളി ഇടവകക്കാരിൽ പലരും നമ്മെ സന്ദർശിച്ചു പള്ളികാര്യങ്ങൾ അറിയിക്കുകയുണ്ടായി.

5-3-1951. കുണ്ടറ. രാവിലെ നാം കുണ്ടറ പഴയ പള്ളിയിൽ എത്തി ചാന്ത്രാവിൽ കത്തനാരുടെ അപേക്ഷപ്രകാരം അയാളുടെ മകളുടെ വിവാഹം നടത്തിക്കൊടുത്തു. ഉച്ചമേശയ്ക്കു ശേഷം നാം പരുമല മാനേജരുടെ ആവശ്യപ്രകാരം കായംകുളത്തിനു പോയി. കറ്റാനത്തു തോമസ് കത്തനാർ യാതൊരു കാര്യവുമില്ലാതെ നമ്മെ ക്രിമിനൽ കേസിൽ പ്രതിയാക്കുകയാൽ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാകേണ്ട ആവശ്യം ഉണ്ടായിരുന്നതുകൊണ്ടാണു നാം കായംകുളത്തിനു പോയത്. നമ്മെ കച്ചേരിയുടെ ഗയിറ്റുങ്കൽ എത്തി വക്കീൽ മുഖാന്തരം ജാമ്യം വാങ്ങി മടങ്ങി കായംകുളം ദയറായിൽ താമസിച്ചു. അന്നു തന്നെ കടമ്പനാട്ടുള്ള നമ്മുടെ പേരിലുള്ള വസ്തു നല്ല വിലയ്ക്കു വിൽക്കാമെന്നും അതിന് ആളുകളെ അന്വേഷിക്കുന്നു എന്നു പയ്യമ്പള്ളിൽ കത്തനാർ നമ്മെ അറിയിക്കുകയാൽ സൗകര്യംപോലെ വില്പന നടത്തി പണം ഈടാക്കി നമ്മെ ഏല്പിക്കുന്നതിന് വസ്തുവിന്റെ ആധാരം നാം പയ്യമ്പള്ളിൽ ദാവീദ് കത്തനാർക്കു എഴുതിക്കൊടുത്തു. കായംകുളം പള്ളിക്കാരായ ഒട്ടധികം ആളുകൾ നമ്മെ സന്ദർശിച്ചു അവർക്കു നമ്മോടും സിംഹാസനത്തോടുമുള്ള ഭക്തിബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി.

6-3-1951. പരുമല. രാവിലെ നാം കായംകുളത്തു നിന്നും പുറപ്പെട്ടു ഉച്ചയോടു കൂടി പരുമല സെമിനാരിയിൽ എത്തി. പരുമല സെമിനാരി കാര്യങ്ങൾ അന്വേഷിക്കുകയും കണക്കുകൾ പരിശോധിക്കുകയും ചെയ്തശേഷം തിരുവല്ലാ ബഥനി അരമനയിൽ നിന്നു ഏലിയാസ് തോമസച്ചന്റെ ആവശ്യപ്രകാരം അടുത്ത ദിവസം അവിടെ എത്താമെന്നു സമ്മതിച്ചു.

7-3-1951. തിരുവല്ല. ഉച്ചമേശയ്ക്കു ശേഷം നാം പരുമല സെമിനാരിയിൽ നിന്നും പുറപ്പെട്ട് തിരുവല്ല അരമനയിൽ എത്തി. അവിടെവച്ച് എം.ജി.എം. സ്കൂൾ സ്ഥലം സംബന്ധിച്ച് പാത്രിയർക്കാ കക്ഷികൾ കൊടുത്ത ഒരു കേസിൽ നമ്മെ കമ്മീഷൻ മുഖാന്തരം വിസ്തരിക്കണമെന്നാവശ്യപ്പെട്ടിരുന്നു എങ്കിലും വക്കീലന്മാരുടെ അസൗകര്യം മൂലം അത് നമുക്കു സൗകര്യമുള്ള വേറൊരു ദിവസത്തേക്കു മാറ്റിവയ്ക്കണമെന്ന് നമ്മോടാവശ്യപ്പെട്ടു.

8-3-1951. തിരുവല്ല. നമ്മുടെ പയ്യമ്പള്ളിൽ അബ്രഹാം കത്തനാർ മൂറോൻ കൂദാശയ്ക്കാവശ്യമുള്ള ജാതിക്കാ തരാമെന്നു പറഞ്ഞു. എം.ജി.എം. സ്കൂളിലെ അദ്ധ്യാപകർ പണിമുടക്കിൽ നിന്നും പിന്മാറി സ്വയം സംതൃപ്തരായി കഴിയുന്നതായി അയാൾ നമ്മെ അറിയിച്ചു. പത്തു മണിയോടു കൂടെ നാം കോട്ടയത്തിനു തിരിച്ചു.

9-3-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം ചെറിയപള്ളിയിൽ എരുത്തിക്കൽ യൗസേപ്പു കത്തനാർ പൊതുയോഗം സംബന്ധിച്ചു ഏതോ അസംതൃപ്തിയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികൾക്കു നിരോധനാജ്ഞ വാങ്ങിക്കൊടുത്തതായും മറ്റും നമ്മെ അറിയിക്കുകയും സംഗതികൾ അസുഖകരമായി വരുന്നല്ലോ എന്നു വിചാരിച്ച് എരുത്തിക്കൽ കത്തനാരെ വരുത്തി അയാളുടെ സമാധാനം കേട്ട് കുഴപ്പങ്ങൾക്കു ഒരു പരിഹാരം നിർദ്ദേശിക്കുന്നതിലേക്കു നാം അയാളെ വിളിക്കാൻ നമ്മുടെ മാനേജർ കത്തനാരെയും, കിഴക്കേഅറ്റത്തു കുഞ്ഞപ്പനെയും മാളിയേക്കൽ മാണി അബ്രഹാമിനെയും നിയോഗിച്ചു. അവർ അയാളെ കണ്ടു സംസാരിക്കുകയും അയാൾക്കുള്ള സങ്കടങ്ങൾ നമ്മെ അറിയിക്കുന്നതിന് ശനിയാഴ്ച രാത്രി ഇവിടെ എത്തിക്കൊള്ളാമെന്നും നമ്മുടെ തീരുമാനപ്രകാരം നടന്നുകൊള്ളാമെന്നും അയാൾ സമ്മതിക്കുകയുമുണ്ടായി.

10-3-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം കുന്നംകുളത്തു തെക്കേക്കര ജോബിന്റെയും ഏലിയാമ്മയുടെയും മകൾ കുഞ്ഞിനെ നാം മാമോദീസാ മുക്കി. കൊച്ചിന് അന്ന എന്നു പേരിട്ടു. അതിന്റെ ജന്മദിനം ഡിസംബർ 19, 1950 ആയിരുന്നു.

എരുത്തിക്കൽ മർക്കോസ് കത്തനാർ യൗസേപ്പു കത്തനാരുടെ injunction പെറ്റീഷൻ കേസിൽ ചെറിയപള്ളി ട്രസ്റ്റികൾ ഇന്നു പത്രിക വച്ചു.

11-3-1951. കോട്ടയം. ഇന്ന് കൊത്തിനെ (പേത്തുർത്തോ) ഞായറാഴ്ചയാണ്. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. നമ്മുടെ ആളുകൾ ധാരാളം പള്ളിയിൽ കൂടിയിരുന്നു. പള്ളി പിരിഞ്ഞ ഉടനെ തന്നെ ചെറിയപള്ളിയിൽ കുർബ്ബാനയിൽ സംബന്ധിച്ച ചിലർ ഓടിവന്ന് എരുത്തിക്കലച്ചന്റെ കക്ഷിമാറ്റത്തെ സംബന്ധിച്ചും തുബ്ദേന്റെ മദ്ധ്യേ മാർ ഗ്രീഗോറിയോസ് എന്നു ചൊല്ലുന്നതിനു പകരം ശുശ്രൂഷക്കാരനെക്കൊണ്ടു അത്താനാസ്യോസ് എന്നു ചൊല്ലിക്കാൻ ശ്രമിച്ചതായും, ശുശ്രൂഷക്കാരൻ ചൊല്ലാൻ വിസമ്മതിക്കയാൽ അച്ചൻ തന്നെ അത്താനാസ്യോസ് എന്നു ചൊല്ലിയതായും സിംഹാസനപ്പള്ളി ഇടവകയിൽപെട്ട ചിലർ പതിവില്ലാതെ ഇന്നേ ദിവസം പള്ളിയിൽ വന്നിരുന്നു എന്നും മറ്റും അറിയിക്കുകയുണ്ടായി.

ഇതു സംബന്ധിച്ചു സൂക്ഷ്മവിവരം അന്വേഷിച്ചറിയുന്നതിനായി നമ്മുടെ ഉപ്പൂട്ടിലെ തോമ്മാച്ചൻ, കല്ലറയ്ക്കലെ ബേബി മുതൽപേരെ നാം നിയോഗിച്ചു. അവർ ചെന്ന് അന്നേ ദിവസം പള്ളിയിൽ കുർബ്ബാനയിൽ സംബന്ധിച്ച നമ്മുടെ ആളുകളെ സമീപിച്ചു സൂക്ഷ്മ വിവരങ്ങൾ ഗ്രഹിച്ചു.

ഉപ്പൂട്ടിൽ തോമ്മാച്ചനും അവറാൻ കുട്ടിയും കൂടെ വെച്ച പത്രിക കണ്ടപ്പോഴേക്കും അച്ചനു വലിയ നിരാശയായി. താൻ കൊടുത്ത കേസിൽ തനിക്ക് വലിയ ദോഷം നേരിടുമെന്നും ഇടവകജനങ്ങളുടെ മദ്ധ്യേ കൂടുതൽ അതൃപ്തി ജനിക്കുകയും ചെയ്യുമെന്നു ഭയന്ന് ടി. യു. ഫീലിപ്പോസിനെ സമീപിച്ച് ആലോചന നടത്തുകയും അയാളുടെ നിർദ്ദേശാനുസരണം കുർബ്ബാനമദ്ധ്യേ അത്താനാസ്യോസ് എന്ന് ചൊല്ലി കക്ഷിമറിച്ചിൽ സാധിക്കാമെന്നു കരുതി പ്രവൃത്തിക്കുകയും ചെയ്തതാണെന്നും മറ്റും അവർ റിപ്പോർട്ടു ചെയ്തു.

ഇന്നലെ വരെ നമ്മോടു കൂടെ നമ്മുടെ കല്പനപ്രകാരം ചെറിയ പള്ളിയിലെ തവണ വികാരിയായി കർമ്മം നടത്തിവന്ന ഇയാൾ യാതൊരു കാരണവും കൂടാതെ അർത്ഥശൂന്യമായ ഈ പ്രലോഭനങ്ങൾ കാട്ടിയതിൽ നമുക്കയാളോടു വളരെ സഹതാപം തോന്നി. അയാളുടെ മകൻ ശെമ്മാശനും, മൂത്ത മകൻ തിരുവനന്തപുരം പള്ളി ട്രസ്റ്റി മർക്കോച്ചനും മറ്റു പിള്ളാർക്കും നമ്മോടും സഭയോടുമുള്ള ഭക്തിവൈരാഗ്യാദികൾ നമുക്ക് നേരിട്ടു ബോധ്യമുള്ളതാകയാൽ ആ പിള്ളാരെ ഓർത്ത് ഇയാളുടെമേൽ നമുക്കു കൂടുതൽ സഹതാപവും ഇയാളുടെ ബുദ്ധിശൂന്യമായ പ്രവൃത്തിയിൽ ദുഃഖവും തോന്നി.

ഉച്ചയ്ക്കുശേഷം നാം തന്നെ ചെറിയപള്ളിയിലെത്തി അയാളോടു സമാധാനം ചോദിച്ചു അയാൾക്കു വല്ല പരാതികളോ മറ്റോ ഉണ്ടെങ്കിൽ അവയ്ക്കു പരിഹാരം നിർദ്ദേശിച്ചു സംഗതികൾ കുഴപ്പമില്ലാത്ത നിലയിൽ ആക്കാമെന്നു വിചാരിച്ച് അയാളുടെ പേർക്ക് ആളയച്ചു. അയാൾ പാത്രിയർക്കീസ് കക്ഷികളുമായി കൂടിയാലോചന നടത്തുന്നതായി നമുക്കറിവു കിട്ടി. നമ്മോടു കൂടെ ഇന്നലെ വരെ ഉറച്ചുനിന്നവർ പൊതുയോഗം സംബന്ധിച്ച ഏതോ അഭിപ്രായ വ്യത്യാസം നിമിത്തം കക്ഷിയില്ലാത്ത കോട്ടയം ചെറിയപള്ളിയിൽ നമ്മുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തെയും അവകാശാധികാരങ്ങളെയും വിസ്മരിച്ച് പാത്രിയർക്കീസ് കക്ഷി ഉണ്ടാക്കാൻ ഇയാൾ സ്വീകരിച്ച ഗൂഢശ്രമങ്ങളാൽ അസംതൃപ്തരും ക്ഷുഭിതരുമായ ഇടവകക്കാർ നമ്മുടെ മുമ്പാകെ വന്ന് കത്തനാരെപ്പറ്റി പരാതിപ്പെട്ടു. നാം അവരെ സമാധാനപ്പെടുത്തി.

12-3-1951. ചെറിയപള്ളി, കോട്ടയം. എരുത്തിക്കൽ കത്തനാർ നമ്മുടെ മുമ്പാകെ ഹാജരായി അയാൾക്കുള്ള സങ്കടങ്ങൾ ഉണർത്തിക്കുന്നതിനും അയാളുടെ അനാശാസ്യമായ നടപടികളെ സംബന്ധിച്ച് അയാൾക്കുള്ള സമാധാനം ബോധിപ്പിക്കുന്നതിലേക്കും ഉടനെതന്നെ നമ്മുടെ മുമ്പാകെ വരണമെന്ന് അയാളോടാവശ്യപ്പെടുന്നതിലേക്കു കിഴക്കേഅറ്റത്തെ കുഞ്ഞപ്പനെയും മാളിയേക്കൽ

അവറാച്ചനെയും നമ്മുടെ പഴയസെമിനാരി മാനേജർ കത്തനാരെയും വീണ്ടും നാം നിയോഗിച്ചു. ഇതിനകം അയാൾ ടി. യു. ഫീലിപ്പോസിന്റെ പിടിയിൽ അമർന്ന് സ്ഥലത്തെ പ്രബല പാത്രിയർക്കാ കക്ഷികളുമായി ആലോചന ചെയ്യുന്നതായി നമുക്കറിവു കിട്ടി.

13-3-1951. ചെറിയപള്ളി. എരുത്തിക്കൽ കത്തനാരുടെ നടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തിയും അയാളുടെ ധിക്കാര പ്രവർത്തനങ്ങളെ സംബന്ധിച്ചു അയാളെ വിസ്തരിച്ചു അയാളുടെമേൽ ശിക്ഷണ നടപടി കൈക്കൊള്ളേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചും ഇടവകക്കാർ നമ്മുടെ മുമ്പാകെ അപേക്ഷ ബോധിപ്പിച്ചു.

അടുത്ത ദിവസം മൂന്നു മണിക്കു മുമ്പ് നമ്മുടെ മുമ്പാകെ ഹാജരായി സമാധാനം ബോധിപ്പിക്കാത്തപക്ഷം നാം എരുത്തിക്കൽ കത്തനാരുടെ മേൽ ശിക്ഷണ നടപടികൾ നടത്തുമെന്നു അയാളെ നമ്മുടെ ചെറിയപള്ളിയിൽ നിന്നും നിരോധിക്കുന്നതായിരിക്കുമെന്നും കാണിച്ചു നോട്ടീസയച്ചു.

14-3-1951. എരുത്തിക്കൽ കത്തനാർ നമ്മെ സമീപിക്കാതെ എതൃകക്ഷികളുമായി ദുരാലോചനകൾ ചെയ്യുന്നതായി പരക്കെ സംസാരമുണ്ട്. തുബ്ദേന്റെ സമയത്ത് കത്തനാർ നിർബ്ബന്ധിച്ചെങ്കിലും അത്താനാസ്യോസെന്നു ചൊല്ലാൻ വിസമ്മതിച്ച അയാളുടെ മകൻ നമ്മുടെ മുമ്പാകെ വരുകയും സംഗതികളെല്ലാം പറകയും ചെയ്തു. ശെമ്മാശനും കുഞ്ഞപ്പനും ഉൾപ്പെടെ മക്കളെല്ലാം കത്തനാരുടെ ഈ നടപടിയെ ചെറുക്കുന്നെങ്കിലും അവരുടെ നിസ്സഹായ അവസ്ഥയെപ്പറ്റി ഓർത്തു അവൻ നമ്മുടെ മുമ്പാകെ കണ്ണുനീർ വാർത്തു. നാം ആ പിള്ളാരെ ഓർത്ത് അയാളോടു കരുണ ചെയ്യാമെന്ന് വിചാരിച്ചു ദീർഘക്ഷമയോടെ കാത്തിരുന്നിട്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല.

15-3-1951. കോട്ടയം ചെറിയപള്ളി. അതിരാവിലെ എരുത്തിക്കൽ കത്തനാരുടെ മൂത്ത മകൻ നമ്മുടെ മുമ്പാകെ വന്ന് വളരെയധികം കരയുകയുണ്ടായി. നാം വളരെയധികം ക്ഷമിച്ചെന്നും ഇനിയും ക്ഷമിക്കാൻ തയ്യാറാണെന്നും അയാൾ മനസു തിരിഞ്ഞു നമ്മെ സമീപിക്കട്ടെ, അയാളെ നാം സ്വീകരിച്ച് സകല കടങ്ങളും പരിഹരിച്ചുകൊള്ളാമെന്നും പറഞ്ഞ് അവനെ അയച്ചു.

അവന്റെ വിലാപം നമ്മുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. പത്തുമണിയോടു കൂടി കൊച്ചുമെത്രാച്ചൻ ഇവിടെ എത്തി. എരുത്തിക്കൽ കത്തനാരെ കണ്ട് അയാളെ രക്ഷിക്കാൻ മെത്രാച്ചൻ കൂടെ ഒന്നു ശ്രമിക്കുക എന്നു നാം പറഞ്ഞതനുസരിച്ച് മെത്രാച്ചൻ നടത്തിയ സുദീർഘമായ ആ അന്ത്യശ്രമവും വിഫലീഭവിച്ചു.

കത്തനാരുടെ ഹൃദയം ഫറവോന്റേതിനെപ്പോലെ കഠിനപ്പെട്ടു വരുകയാണെന്നും, അനുതപിച്ചു നമ്മുടെ മുമ്പാകെ തിരികെ വരുക അസാദ്ധ്യമാണെന്നും നമുക്കു ബോധ്യമാകയാൽ അയാളെ ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി ഈ പള്ളികളിൽ നിന്നും നിരോധിക്കുകയും പകരം ചാലകരിൽ ഗീവറുഗീസ് കത്തനാരെ തവണ വികാരിയായി നിയമിക്കുകയും ചെയ്തു.

16-3-1951. കോട്ടയം ചെറിയപള്ളി. നമ്മുടെ നിരോധനാജ്ഞയുടെ പകർപ്പ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കി എരുത്തിക്കൽ കത്തനാർക്ക് ഒരു മാസത്തേക്കു injunction കൊടുത്തതായി നമ്മുടെ ആളുകൾ നമ്മെ അറിയിച്ചു. ഉച്ചയ്ക്കുശേഷം നാം പഴയസെമിനാരിയിൽ എത്തി.

16-3-1951. കോട്ടയം. എരുത്തിക്കൽ കത്തനാർ അയാളുടെ മേലുള്ള നിരോധനത്തിനു സ്റ്റേ വാങ്ങാൻ ഹൈക്കോർട്ടിൽ പരാതിപ്പെട്ടു. ഹൈക്കോടതി അയാളുടെ പെറ്റീഷൻ തള്ളി.

17-3-1951. കോട്ടയം. ചാലകരിയിൽ ഗീവറുഗീസ് കത്തനാർ ഇന്ന് ചെറിയപള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി. എരുത്തിക്കൽ കത്തനാർക്കു പകരം അയാളെ നിയമിച്ചു നാം പള്ളിക്കയച്ച കല്പന വായിച്ചു.

18-3-1951. കോട്ടയം. ഇന്ന് നാം പഴയസെമിനാരി ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. മുറപ്രകാരം കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ ചെറിയപള്ളിയിലും വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി. എന്നാൽ ചാലകരിയിലച്ചൻ കുരിശുപള്ളിയിൽ വി. കുർബ്ബാന അർപ്പിക്കാൻ ചെന്നപ്പോൾ തെക്കേത്തലയ്ക്കൽ ടി. യു. ഫീലിപ്പോസിന്റെ നേതൃത്വത്തിൽ കുറെ റൗഡികൾ അച്ചനെ തടയാൻ ശ്രമിച്ചു. അച്ചനെ തടയാൻ സാധിക്കുകയില്ലെന്നു കണ്ടപ്പോൾ അവർ കമ്മ്യൂണിസ്റ്റു മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടു വഴിയിൽ കിടന്നു മാർഗ്ഗതടസ്സം ചെയ്തു. എന്നാൽ പോലീസ് ഇടപെട്ടു അക്രമികളെ മാറ്റി അച്ചന് വഴി തെളിക്കുകയാൽ അച്ചൻ കുരിശുപള്ളിയിൽ പ്രവേശിച്ചു കുർബ്ബാന അനുഷ്ഠിച്ചു.

കഴിഞ്ഞ രാത്രിയിൽ പേരൂർ എന്ന സ്ഥലത്ത് പോലീസും നാട്ടുകാരുമായി ഒരു ഭയങ്കര സംഘട്ടനം നടന്നതായി നമുക്കറിവു കിട്ടി.

19-3-1951. കോട്ടയം. കുരിശുപള്ളി ട്രസ്റ്റി മാളിയേക്കൽ മാണി പുന്നനും മാളിയേക്കൽ മാണി ഏബ്രഹാമും കൂടെ നമ്മെ സന്ദർശിച്ചു. നമ്മുടെ ന്യായമായ അവകാശാധികാരങ്ങളെ അവഗണിച്ചുള്ള എതൃകക്ഷിയുടെ സകല പ്രവർത്തനങ്ങളെയും ചെറുക്കുന്നതാണെന്ന് നമ്മെ അറിയിച്ചു.

തുടർച്ചയായി മൂന്നാലു കൊല്ലം ചെറിയപള്ളി കൈക്കാരനായി പ്രവർത്തിച്ച മാണി ഏബ്രഹാം അയാളുടെ കൈവശമുള്ള നിരവധി റിക്കാർട്ടുകൾ നമ്മുടെ മുമ്പാകെ സമർപ്പിക്കുകയും എരുത്തിക്കൽ കത്തനാർ നമ്മുടെ അധികാരത്തിൻകീഴിൽ ഇരുന്ന് ചെയ്തിട്ടുള്ള ഓരോ പ്രവർത്തനങ്ങൾക്കും തെളിവുകൾ കാണിക്കുകയും, മറുത്തു നിൽക്കുന്നത് അയാളുടെ നാശത്തിനാണെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു.

20-3-1951. എരുത്തിക്കൽ കത്തനാർക്കു കൊടുത്ത നിരോധന ഉത്തരവു സംബന്ധിച്ചു വാദി പ്രതികളെ വിസ്തരിക്കുന്നതിന് നിശ്ചയിച്ച തീയതി ആകയാൽ ആവശ്യമായ സകല തെളിവുകളും റിക്കാർട്ടുകളും ഇന്നേ ദിവസം കോടതിയിൽ ഹാജരാക്കി.

പുതുതായി തിരഞ്ഞെടുത്ത ചെറിയപള്ളി ട്രസ്റ്റി അവറാൻകുട്ടിയെ വിസ്തരിച്ചു. തുടർന്ന് വിസ്താരം അടുത്ത ദിവസം നടത്താമെന്നു ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് സമ്മതിച്ചെങ്കിലും എരുത്തിക്കൽ കത്തനാർ സമ്മതിക്കാഞ്ഞതു കൊണ്ടു 29-ാം തീയതിക്കു അവധി മാറ്റി വയ്ക്കുകയുണ്ടായി.

21-3-1951. കോട്ടയം. പേരൂർ സംഭവത്തിന്റെ അതിഭീകരധ്വനി നാടെങ്ങും മാറ്റൊലി കൊണ്ടു. പ്രധാനമന്ത്രി മുതൽ നിരവധി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിക്കുകയും പോലീസിന്റെ നിഷ്ഠൂരമായ മർദ്ദന വിവരങ്ങൾ ഗ്രഹിച്ച് പോലീസിന്റെ പ്രവർത്തനത്തിൽ അമർഷം കൊള്ളുകയും ചെയ്തു.

22-3-1951. കോട്ടയം. എരുത്തിക്കൽ കത്തനാർ ഒത്തുതീർപ്പിനായി ശ്രമിക്കുന്നുണ്ടെന്നു കേൾക്കുന്നു. നാം ഇപ്പോഴും സമാധാനത്തിനു തയ്യാറാണ്. അയാൾ നമ്മുടെ മുമ്പാകെ വന്ന് അയാളുടെ കുറ്റങ്ങൾ ഏറ്റാൽ മതിയാകുന്നതാണ്.

ഇന്ന്, മൂറോൻ കൂദാശയ്ക്കു പള്ളികളിൽ നിന്നും നിശ്ചിത തുക നമ്മുടെ പേർക്ക് അയച്ചുതരണമെന്നു കാണിച്ചുള്ള കല്പന എല്ലാ പള്ളികൾക്കും അയച്ചു. മൂറോൻ കൂദാശയ്ക്കു വേണ്ടിയുള്ള പിരിവായതിനാൽ വിജയകരമാകുമെന്നാണ് നമ്മുടെ വിശ്വാസം.

23-3-1951. കോട്ടയം. ഇന്ന് ചാലാശ്ശേരിൽ ഗീവറുഗീസ് കത്തനാർ, നാളത്തെ കുരിശുപള്ളിയിലെ കുർബ്ബാന ചൊല്ലുവാൻ വന്നിട്ടുണ്ട്. നാളെ അവിടെ കുർബ്ബാന ചൊല്ലുവാനുള്ള നമ്മുടെ കക്ഷിയുടെ ഏതു ശ്രമത്തെയും ധൈര്യമായി ചെറുക്കുന്നതാണെന്നു കാണിച്ചു ഏതൃകക്ഷിക്കാർ നോട്ടീസ് അടിച്ചിറക്കിയിട്ടുണ്ട്. കൂടാതെ ഇന്നു വൈകുന്നേരം പുത്തനങ്ങാടി സ്കൂൾ മൈതാനത്തു വച്ച് കെ. വി. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം നടക്കുന്നുവെന്നും ആ നോട്ടീസിലുണ്ട്. ആ നോട്ടീസിൽ പറഞ്ഞിരിക്കുന്ന സംഗതികൾ കള്ളമാണെന്നു കാണിച്ചും വാസ്തവ സ്ഥിതിഗതികൾ വിവരിച്ചും ഒരു എതിർ നോട്ടീസ് ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം ഒരു ഇടവകക്കാരൻ എന്നു പേരുവച്ച് അടിച്ചിറക്കിയിട്ടുണ്ട്. ഏതായാലും ജില്ലാ കളക്ടർ പി. എ. കാസിം നമ്മുടെ ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി ഈ പള്ളികൾ പൂട്ടി മുദ്ര വയ്ക്കുവാൻ ഓർഡർ ഇട്ടിട്ടുണ്ടെന്നു അറിവായിരിക്കുന്നു. അതിൻപ്രകാരം നമ്മുടെ കല്ലുപുരയ്ക്കൽ ഫീലിപ്പോസു കത്തനാർക്കും ആരാധനകൾ നടത്തുവാൻ നിവൃത്തിയില്ലെന്നറിയുന്നതിൽ നാം ഖേദിക്കയല്ലാതെ എന്തു ചെയ്യുന്നു. ടി ഉത്തരവ് സ്റ്റേ ചെയ്തു കിട്ടുന്നതിലേക്കു ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുക്കുവാൻ എം. സി. മാത്യു, മണലിൽ യാക്കോബ് കത്തനാർ എന്നിവർ എറണാകുളത്തിനു പോയിട്ടുണ്ട്.

(തുടരും)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

# മഗ്ദലന മറിയം

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ക്രിസ്തീയ വിശ്വാസചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളാണ് മഗ്ദലന മറിയം. യേശുക്രിസ്തുവിന്റെ ശുശ്രൂഷകാലത്ത് അവനെ വിശ്വസത്തോടെ അനുഗമിച്ച സ്ത്രീകളിൽ ഏറ്റവും ശ്രദ്ധേയമായ വ്യക്തിത്വമാണ് അവൾ. ബൈബിളിൽ പല സ്ഥലങ്ങളിലും അവളുടെ പേര് പരാമർശിക്കപ്പെടുന്നുണ്ട്. യേശുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളായ പരസ്യ ശുശ്രൂഷാകാലം, ക്രൂശുമരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയുമായി അവൾ അടുത്ത ബന്ധം പുലർത്തിയിരുന്നു.

"മഗ്ദലന" എന്ന പേര് അവൾ മഗ്ദല എന്ന പട്ടണത്തിൽ നിന്നുള്ളവളാണെന്ന് സൂചിപ്പിക്കുന്നു. ഗലീലാ കടലിന്റെ സമീപത്തുള്ള ഈ പട്ടണം വ്യാപാരത്തിനും മത്സ്യബന്ധനത്തിനും പ്രസിദ്ധമായിരുന്നു. അതിനാൽ തന്നെ "മറിയം" എന്ന സാധാരണ പേരുള്ള മറ്റു സ്ത്രീകളിൽ നിന്ന് അവളെ വേർതിരിക്കാൻ "മഗ്ദലന മറിയം" എന്ന് വിളിക്കപ്പെട്ടു.

മഗ്ദലന മറിയം ക്രിസ്തീയ വിശ്വാസചരിത്രത്തിൽ ശ്രദ്ധേയമായ വ്യക്തിയാണ്. ബൈബിൾ രേഖപ്പെടുത്തുന്നതനുസരിച്ച്, അവൾ ഒരു കാലത്ത് ദുരാത്മബാധയിൽപ്പെട്ടിരുന്നവളായിരുന്നു. പ്രത്യേകിച്ച് ലൂക്കോസിന്റെ സുവിശേഷം 8:2-ൽ പറയുന്നതുപോലെ, യേശുക്രിസ്തു അവളിൽ നിന്ന് ഏഴ് ദുരാത്മാക്കളെ പുറത്താക്കി അവളെ സുഖപ്പെടുത്തി. ഈ അനുഭവം അവളുടെ ജീവിതത്തിൽ വലിയൊരു മാറ്റത്തിന് കാരണമായി. അതിനുശേഷം അവൾ യേശുവിനെ രക്ഷകനായി സ്വീകരിച്ച് അവനെ വിശ്വാസത്തോടെ അനുഗമിച്ചു. യേശുവിന്റെ പരസ്യശുശ്രൂഷകാലത്ത് അവനെ അനുഗമിച്ച സ്ത്രീകളിൽ അവൾ പ്രധാനിയായിരുന്നു. അവൾ മറ്റു സ്ത്രീകളോടൊപ്പം യേശുവിനെയും അവന്റെ ശിഷ്യന്മാരെയും സഹായിക്കുകയും അവരുടെ ആവശ്യങ്ങളിൽ പങ്കുചേരുകയും ചെയ്തിരുന്നു (ലൂക്കോസ് 8:1-3). ഇതിലൂടെ അവൾ ഒരു സാധാരണ അനുയായിയെന്നതിലുപരി, യേശുവിന്റെ ദൗത്യത്തിൽ സജീവമായി പങ്കെടുത്ത സമർപ്പിതയായ വിശ്വാസിയായ സ്ത്രീയായി മാറി.

യേശുവിന്റെ ക്രൂശുമരണ സമയത്തും അവൾ അവനെ വിട്ടുമാറിയില്ല. പല ശിഷ്യന്മാരും ഭയന്ന് അകന്നു നിന്നപ്പോൾ പോലും അവൾ ക്രൂശിന്റെ സമീപത്ത് നിന്നിരുന്ന സ്ത്രീകളിൽ ഒരാളായിരുന്നു. ഇത് അവളുടെ ധൈര്യവും സമർപ്പണവും യേശുവിനോടുള്ള ആഴത്തിലുള്ള സ്നേഹവും വ്യക്തമാക്കുന്നു.

ഇതിനേക്കാൾ വലിയ സാക്ഷ്യമായി ബൈബിൾ രേഖപ്പെടുത്തുന്നത് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സംഭവത്തിലാണ്. പ്രഭാതത്തിൽ കല്ലറ സന്ദർശിക്കാൻ എത്തിയപ്പോൾ അവൾ ശൂന്യമായ കല്ലറ കണ്ടു. പിന്നീട് ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യം കണ്ടവരിൽ ഒരാളായി അവൾ മാറി. തുടർന്ന് ഈ വാർത്ത ശിഷ്യന്മാരോട് അറിയിച്ചതിനാൽ അവൾ ക്രിസ്തീയ വിശ്വാസ ചരിത്രത്തിൽ പ്രത്യേക സ്ഥാനമാർജിച്ചു.

### 1. യേശുവിന്റെ ശുശ്രൂഷയിൽ പങ്കെടുത്തവൾ

ക്രിസ്തീയ വിശ്വാസചരിത്രത്തിൽ പ്രധാനപ്പെട്ട സ്ഥാനമുള്ള മഗ്ദലന മറിയം യേശുക്രിസ്തുവിനെ വിശ്വസ്തമായി അനുഗമിച്ച സ്ത്രീകളിൽ ഏറ്റവും ശ്രദ്ധേയയായ ഒരാളായിരുന്നു. യേശു അവളുടെ ജീവിതത്തിൽ വരുത്തിയ ആത്മീയ മാറ്റത്തിന് ശേഷം, അവൾ അവന്റെ ശുശ്രൂഷയിൽ സജീവമായി പങ്കുചേർന്നു. ബൈബിളിൽ കാണുന്നതുപോലെ, യേശുവിനെ അനുഗമിച്ച സ്ത്രീകളുടെ കൂട്ടത്തിൽ അവൾ ഉൾപ്പെട്ടിരുന്നു. ഈ സ്ത്രീകൾ യേശുവിനെയും അവന്റെ ശിഷ്യന്മാരെയും അവരുടെ ദൗത്യത്തിൽ സഹായിക്കുകയും അവരുടെ ദിവസേന ആവശ്യങ്ങളിൽ പങ്കുചേരുകയും ചെയ്തു. ഇതിലൂടെ മഗ്ദലന മറിയം ഒരു സാധാരണ അനുയായിയെന്നതിലുപരി യേശുവിന്റെ ദൗത്യത്തിൽ ആത്മാർത്ഥമായി പങ്കെടുത്ത ശിഷ്യയായി മാറി.

ആ കാലഘട്ടത്തിലെ യഹൂദ സമൂഹത്തിൽ സ്ത്രീകൾക്ക് പൊതുവായ മതപ്രവർത്തനങ്ങളിലും ആത്മീയ നേതൃത്വത്തിലും വലിയ പങ്ക് അനുവദിച്ചിരുന്നില്ല. അവരുടെ പങ്ക് സാധാരണയായി കുടുംബജീവിതത്തിലും വീട്ടുവിശേഷങ്ങളിലും മാത്രമായി ചുരുങ്ങിയിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ശുശ്രൂഷ ഈ സാമൂഹിക പരിമിതികളെ മറികടക്കുന്നവയായിരുന്നു. യേശു സ്ത്രീകളെ അവഗണിച്ചില്ല; മറിച്ച് അവർക്കും ആത്മീയ ജീവിതത്തിൽ സജീവമായി പങ്കാളികളാകാനുള്ള അവസരം നൽകി. ഇത് ആ കാലഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങളെ അപേക്ഷിച്ച് വളരെ വ്യത്യസ്തവും പുരോഗമനപരവുമായ സമീപനമായിരുന്നു.

മഗ്ദലന മറിയം യേശുവിന്റെ യാത്രകളിൽ അവനെ അനുഗമിക്കുകയും അവന്റെ ഉപദേശങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്തു. അവൾ യേശുവിന്റെ പ്രവൃത്തികൾ അടുത്തുനിന്ന് കണ്ടറിഞ്ഞു; രോഗികളെ സുഖപ്പെടുത്തുകയും ജനങ്ങളോട് സ്നേഹവും കരുണയും കാണിക്കുകയും ചെയ്യുന്ന അവന്റെ പ്രവർത്തനങ്ങളുടെ സാക്ഷിയായി അവൾ നിലകൊണ്ടു. ഇതിലൂടെ അവൾ യേശുവിന്റെ സന്ദേശത്തെ ആഴത്തിൽ മനസ്സിലാക്കുകയും ആത്മീയമായി വളരുകയും ചെയ്തു.

അതോടൊപ്പം, അവൾ തന്റെ ശേഷിക്കനുസരിച്ച് യേശുവിനെയും ശിഷ്യന്മാരെയും സഹായിക്കുകയും ചെയ്തു. ബൈബിൾ രേഖപ്പെടുത്തുന്നതനുസരിച്ച്, യേശുവിനെ അനുഗമിച്ച ചില സ്ത്രീകൾ അവരുടെ സ്വത്തുക്കളും വിഭവങ്ങളും ഉപയോഗിച്ച് യേശുവിന്റെ ശുശ്രൂഷയെ പിന്തുണച്ചിരുന്നു. ഈ സഹായം യേശുവിന്റെ ദൗത്യം കൂടുതൽ വ്യാപകമായി തുടരുന്നതിനും ജനങ്ങളിലേക്ക് അവന്റെ സന്ദേശം എത്തുന്നതിനും വലിയ പിന്തുണയായി.

ഇങ്ങനെ നോക്കുമ്പോൾ, മഗ്ദലന മറിയം യേശുവിന്റെ ശുശ്രൂഷയിൽ ഒരു കാഴ്ചക്കാരിയായിരുന്നില്ല; മറിച്ച് സജീവമായി പങ്കെടുത്ത വിശ്വസ്ത ശിഷ്യയായിരുന്നു. അവളുടെ വിശ്വാസവും സമർപ്പണവും നന്ദിയും അവളുടെ പ്രവർത്തനങ്ങളിൽ വ്യക്തമായി പ്രകടമാകുന്നു. അതുകൊണ്ടുതന്നെ, മഗ്ദലന മറിയത്തിന്റെ ജീവിതം വിശ്വാസജീവിതത്തിൽ സമർപ്പണത്തിന്റെ മഹത്തായ മാതൃകയായി ഇന്നും കണക്കാക്കപ്പെടുന്നു.

**2. ക്രൂശുമരണ സമയത്തെ വിശ്വാസം**

യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ഏറ്റവും വേദനാജനകവും ചരിത്രപരമായി നിർണായകവുമായ സംഭവമാണ് അവന്റെ ക്രൂശുമരണം. ഈ ദുരന്ത നിമിഷങ്ങളിൽ യേശുവിന്റെ അടുത്ത ശിഷ്യന്മാരിൽ പലരും ഭയവും ആശങ്കയും മൂലം അവനിൽ നിന്ന് അകന്നു നിന്നിരുന്നു. റോമൻ ഭരണകൂടത്തിന്റെ ഭീഷണിയും യഹൂദ നേതാക്കളുടെ വിരോധവും കാരണം പലരും ഓടിപ്പോയിരുന്നുവെന്നാണ് സുവിശേഷങ്ങളിൽ നിന്നും മനസ്സിലാക്കുന്നത്. എന്നാൽ ഈ ഭീതിയുടെയും അനിശ്ചിതത്വത്തിന്റെയും സമയത്തും മഗ്ദലന മറിയം യേശുവിനെ വിട്ടുമാറിയില്ല.

അവൾ ക്രൂശിന്റെ സമീപത്ത് നിന്നിരുന്ന സ്ത്രീകളിൽ ഒരാളായിരുന്നു. യേശു അതീവ വേദനയും അപമാനവും അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, ആ കാഴ്ച നേരിട്ട് കാണുന്നതുതന്നെ വളരെ ദുഷ്കരമായിരുന്നു. എന്നിരുന്നാലും, മഗ്ദലന മറിയം ആ വേദനാജനക നിമിഷങ്ങളിൽ നിന്ന് പിന്തിരിഞ്ഞില്ല. അവൾ അവന്റെ വേദനയുടെയും മരണത്തിന്റെയും സാക്ഷിയായി ഉറച്ചുനിന്നു. ഇത് അവളുടെ ധൈര്യത്തിന്റെയും ആത്മാർത്ഥമായ വിശ്വാസത്തിന്റെയും ശക്തമായ തെളിവാണ്.

സുവിശേഷങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ക്രൂശിന്റെ ചുവട്ടിൽ യേശുവിന്റെ അമ്മയായ മറിയയും മറ്റു ചില സ്ത്രീകളും ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. അവരോടൊപ്പം മഗ്ദലന മറിയവും യേശുവിന്റെ അവസാന നിമിഷങ്ങളിൽ അവനോടൊപ്പം നിന്നു. പല ശിഷ്യന്മാരും അകന്നു നിന്ന സമയത്ത് അവൾ കാണിച്ച ഈ ഉറച്ച നിലപാട് അവളുടെ വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കുന്നു.

മഗ്ദലന മറിയം യേശുവിന്റെ ശക്തിയും അത്ഭുതങ്ങളും കണ്ടപ്പോൾ മാത്രം അവനെ അനുഗമിച്ച ഒരാളല്ലായിരുന്നു; മറിച്ച് അവന്റെ വേദനയുടെയും ദുരിതത്തിന്റെയും സമയത്തും അവനെ വിട്ടുമാറാത്ത വിശ്വസ്ത അനുയായിയായിരുന്നു. ഈ വിശ്വസ്തത അവളുടെ ആത്മീയ സമർപ്പണത്തിന്റെ ഉന്നതമായ പ്രകടനമാണ്.

അതുകൊണ്ടുതന്നെ, ക്രൂശുമരണ സമയത്ത് മഗ്ദലന മറിയം പ്രകടിപ്പിച്ച വിശ്വാസവും ധൈര്യവും വിശ്വാസികളുടെ ജീവിതത്തിന് വലിയൊരു മാതൃകയാണ്. പ്രതിസന്ധികളുടെയും കഷ്ടതകളുടെയും സമയത്തും ദൈവത്തോടുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിന്റെ പ്രാധാന്യം അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**3. ശവസംസ്കാരത്തിന്റെ സാക്ഷി**

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിനു ശേഷം, അവന്റെ ശരീരം യഹൂദരുടെ ആചാരപ്രകാരം ശവസംസ്കാരത്തിനായി തയ്യാറാക്കിയതായി സുവിശേഷങ്ങളിൽ വിവരിക്കുന്നു (മത്തായി 27:57-61; മർക്കോസ് 15:42-47; ലൂക്കോസ് 23:50-56; യോഹന്നാൻ 19:38-42). ഈ സാഹചര്യത്തിൽ തന്റെ വിശ്വാസത്തിലും സ്നേഹത്തിലും ഉറച്ചുനിന്നുകൊണ്ട് ഈ സംഭവങ്ങളിലുടനീളം സാന്നിധ്യമുണ്ടായിരുന്ന സ്ത്രീകളിൽ ഒരാളായിരുന്നു മഗ്ദലന മറിയം. പ്രത്യേകിച്ച്, യേശുവിന്റെ ശരീരം കല്ലറയിൽ വച്ചപ്പോൾ മഗ്ദലന മറിയവും മറ്റു സ്ത്രീകളും അത് ശ്രദ്ധിച്ച് നോക്കി നിന്നുവെന്ന് മത്തായി 27:61-ലും മർക്കോസ് 15:47-ലും കാണുന്നു. യേശുവിന്റെ ശരീരം എവിടെയാണ് അടക്കം ചെയ്തതെന്ന് അവർ പ്രത്യേകം ശ്രദ്ധിച്ചതും ലൂക്കോസ് 23:55-ൽ വ്യക്തമാക്കുന്നു. പിന്നീട് അവിടെ തിരിച്ചെത്തി യേശുവിനോടുള്ള ആദരവ് അർപ്പിക്കാൻ വേണ്ടിയായിരുന്നു ഈ ശ്രദ്ധ; ഇതിലൂടെ അവൾ ശവസംസ്കാരത്തിന്റെ നേരിട്ടുള്ള സാക്ഷിയായി മാറുന്നു.

യഹൂദരുടെ ആചാരപ്രകാരം, ശവസംസ്കാര സമയത്ത് മരിച്ചവരുടെ ശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ പുരട്ടുന്നതായിരുന്നു പതിവ് (യോഹന്നാൻ 19:39-40). എന്നാൽ യേശുവിന്റെ മരണം ശബത്തിനോട് അടുത്ത സമയത്തായതിനാൽ ഈ ആചാരങ്ങൾ പൂർണ്ണമായി നിർവഹിക്കാൻ കഴിഞ്ഞില്ല (ലൂക്കോസ് 23:54, 56). അതുകൊണ്ട് ശബത്ത് കഴിഞ്ഞ ശേഷം യേശുവിന്റെ ശരീരത്തിന് യഥോചിതമായ ആദരവ് അർപ്പിക്കാൻ സ്ത്രീകൾ വീണ്ടും കല്ലറയിലേക്ക് പോകാൻ തീരുമാനിച്ചു. അവർ സുഗന്ധദ്രവ്യങ്ങൾ ഒരുക്കിയതും പിന്നീട് കല്ലറയിലേക്ക് പോയതും ലൂക്കോസ് 24:1-ലും മർക്കോസ് 16:1-ലും രേഖപ്പെടുത്തിയിരിക്കുന്നു. ഈ സംഘത്തിൽ പ്രധാനപ്പെട്ട ഒരാളായി മഗ്ദലന മറിയം നിലകൊണ്ടിരുന്നു.

ശബത്ത് കഴിഞ്ഞ ശേഷം ആഴ്ചയുടെ ആദ്യ ദിവസത്തിന്റെ പ്രഭാതത്തിൽ, മഗ്ദലന മറിയം സുഗന്ധദ്രവ്യങ്ങളുമായി കല്ലറ സന്ദർശിക്കാൻ പുറപ്പെട്ടു. യേശു ഇനി ജീവനോടെ ഇല്ലെന്ന് അറിയാമായിരുന്നിട്ടും, അവന്റെ ശരീരത്തിന് ബഹുമാനവും ആദരവും അർപ്പിക്കണമെന്ന ആഗ്രഹം അവളിൽ ഉണ്ടായിരുന്നു. ഈ പ്രവൃത്തി അവളുടെ ആഴത്തിലുള്ള സ്നേഹവും വിശ്വസ്തതയും പ്രകടിപ്പിക്കുന്നു.

ഇങ്ങനെ നോക്കുമ്പോൾ, യേശുവിന്റെ മരണത്തിനു ശേഷവും മഗ്ദലന മറിയം അവനെ മറന്നില്ല; മറിച്ച് അവന്റെ സ്മരണയെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തു. അവളുടെ ഈ നിലപാട് അവളുടെ ആത്മാർത്ഥമായ വിശ്വാസത്തിന്റെയും നന്ദിയുടെയും തെളിവാണ്. അതുകൊണ്ടുതന്നെ, ശവസംസ്കാരത്തിന്റെ സാക്ഷിയായുള്ള മഗ്ദലന മറിയത്തിന്റെ പങ്ക് ക്രിസ്തീയ വിശ്വാസചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതായാണ് കണക്കാക്കപ്പെടുന്നത്.

**4. ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യ സാക്ഷി**

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും കേന്ദ്രസംഭവവും യേശു ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ്. ക്രൂശിൽ മരിച്ച യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റുവെന്ന വിശ്വാസമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ. ഈ മഹത്തായ സംഭവത്തിന്റെ ആദ്യ സാക്ഷികളിൽ പ്രധാനപ്പെട്ട ഒരാളാണ് മഗ്ദലന മറിയം. അതുകൊണ്ടുതന്നെ ക്രിസ്തീയ ചരിത്രത്തിലും ആത്മീയതയിലും അവൾക്ക് വളരെ പ്രത്യേക സ്ഥാനമുണ്ട്.

ശബത്ത് കഴിഞ്ഞ ശേഷം ആഴ്ചയുടെ ആദ്യ ദിവസത്തിന്റെ വളരെ നേരത്തെ പ്രഭാതത്തിൽ, മഗ്ദലന മറിയം യേശുവിന്റെ കല്ലറ സന്ദർശിക്കാൻ പുറപ്പെട്ടു. അവൾക്കൊപ്പം മറ്റു ചില സ്ത്രീകളും ഉണ്ടായിരുന്നുവെന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. അവർ സുഗന്ധദ്രവ്യങ്ങളുമായി അവിടെ എത്തിയതിന്റെ ഉദ്ദേശ്യം യേശുവിന്റെ ശരീരത്തിന് യഹൂദരുടെ ആചാരപ്രകാരം ആദരവ് അർപ്പിക്കുകയായിരുന്നു. എന്നാൽ അവർ കല്ലറയ്ക്ക് സമീപിച്ചപ്പോൾ ഒരു അസാധാരണമായ കാഴ്ചയാണ് കണ്ടത്. കല്ലറയുടെ വാതിൽക്കൽ ഉണ്ടായിരുന്ന വലിയ കല്ല് മാറ്റപ്പെട്ടിരുന്നു.

കല്ലറയ്ക്കുള്ളിലേക്ക് നോക്കിയപ്പോൾ യേശുവിന്റെ ശരീരം അവിടെ ഇല്ലെന്ന് അവർ മനസ്സിലാക്കി. ഈ സംഭവം അവരിൽ ആശ്ചര്യവും ആശങ്കയും ഉണ്ടാക്കി. സുവിശേഷങ്ങൾ പറയുന്നതനുസരിച്ച്,

കർത്താവിന്റെ ദൂതൻ അവരോട് യേശു ഉയിർത്തെഴുന്നേറ്റുവെന്ന് അറിയിച്ചു. ഈ വാർത്ത മഗ്ദലന മറിയത്തിന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചു.

തുടർന്ന് മഗ്ദലന മറിയം ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിട്ട് കണ്ടുമുട്ടിയതായി സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. ആദ്യം അവൾ അവനെ തിരിച്ചറിഞ്ഞില്ലെങ്കിലും, യേശു അവളോട് സംസാരിച്ചപ്പോൾ അവൾ അവനെ തിരിച്ചറിഞ്ഞു. ഈ അനുഭവം അവളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആത്മീയ അനുഭവമായി മാറി. യേശു അവളോട് ശിഷ്യന്മാരുടെ അടുത്തേക്ക് പോയി തന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ വാർത്ത അറിയിക്കാൻ നിർദ്ദേശിച്ചു. അവൾ ഉടൻ ശിഷ്യന്മാരുടെ അടുത്തേക്ക് പോയി, "ഞാൻ കർത്താവിനെ കണ്ടു" എന്ന സന്തോഷവാർത്ത അറിയിച്ചു. ഇതിലൂടെ അവൾ ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യ സുവിശേഷവാഹകയായി മാറി.

ഇങ്ങനെ നോക്കുമ്പോൾ, മഗ്ദലന മറിയം യേശുവിന്റെ വേദനയുടെയും മരണത്തിന്റെയും സാക്ഷിയായതുപോലെ തന്നെ അവന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സന്തോഷവാർത്തയുടെ ആദ്യ സാക്ഷിയുമായി മാറി. അവളുടെ ഈ സാക്ഷ്യം ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയഭാഗത്തോട് ചേർന്ന് നിൽക്കുന്നതാണ്. അതുകൊണ്ടുതന്നെ അവളുടെ ജീവിതം വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ശക്തമായ സാക്ഷ്യമായി ഇന്നും നിലകൊള്ളുന്നു.

**5. ആത്മീയ പാഠങ്ങൾ**

മഗ്ദലന മറിയത്തിന്റെ ജീവിതം ക്രിസ്തീയ വിശ്വാസത്തിൽ ആഴത്തിലുള്ള ആത്മീയ പാഠങ്ങൾ നൽകുന്ന സമ്പന്നമായ ഉദാഹരണമാണ്. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് പറയുന്ന സംഭവങ്ങൾ പരിശോധിക്കുമ്പോൾ വിശ്വാസജീവിതത്തിന്റെ വിവിധ മുഖങ്ങൾ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും.

ആദ്യമായി, ജീവിതത്തിലെ മാറ്റം എന്ന പാഠം അവളുടെ ജീവിതത്തിൽ ഏറ്റവും ശക്തമായി പ്രകടമാകുന്നു. ബൈബിൾ പറയുന്നതനുസരിച്ച് ഒരു കാലത്ത് അവൾ ദുരാത്മബാധയിൽപ്പെട്ടിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ കരുണയും ശക്തിയും മൂലം അവൾ ആ അവസ്ഥയിൽ നിന്ന് പൂർണ്ണമായി മോചിതയായി. ഈ അനുഭവം അവളുടെ ജീവിതത്തിൽ ഒരു പുതിയ തുടക്കമായി മാറി. ദുഃഖവും ഇരുട്ടും നിറഞ്ഞിരുന്ന ജീവിതം പ്രത്യാശയും സമാധാനവും നിറഞ്ഞ വിശ്വാസജീവിതമായി മാറിയതിലൂടെ, ദൈവത്തിന്റെ കൃപ മനുഷ്യന്റെ ജീവിതത്തെ പൂർണ്ണമായി പുതുക്കാൻ കഴിയും എന്ന സത്യം വ്യക്തമായി കാണുന്നു.

രണ്ടാമതായി, നന്ദിയും സമർപ്പണവും അവളുടെ ജീവിതത്തിന്റെ മുഖ്യ സവിശേഷതകളാണ്. യേശു അവളുടെ ജീവിതത്തിൽ നടത്തിയ ഈ മഹത്തായ മാറ്റത്തിന് മറുപടിയായി അവൾ തന്റെ ജീവിതം അവനെ അനുഗമിക്കുന്നതിനായി സമർപ്പിച്ചു. അവൾ വാക്കുകളിൽ മാത്രമല്ല, പ്രവർത്തികളിലൂടെ തന്റെ നന്ദി പ്രകടിപ്പിച്ചു. യേശുവിനെയും അവന്റെ ശിഷ്യന്മാരെയും സഹായിക്കുകയും അവരുടെ ആവശ്യങ്ങളിൽ പങ്കുചേരുകയും ചെയ്തതിലൂടെ അവൾ തന്റെ വിശ്വാസം പ്രായോഗികമായി ജീവിച്ചു കാണിച്ചു.

മൂന്നാമതായി, ധൈര്യവും വിശ്വാസവും മഗ്ദലന മറിയത്തിന്റെ ജീവിതത്തിൽ പ്രത്യേകമായി കാണപ്പെടുന്ന ഗുണങ്ങളാണ്. യേശുവിന്റെ ക്രൂശുമരണ സമയത്ത് പലരും ഭയന്ന് അകന്നു നിന്നപ്പോൾ പോലും അവൾ അവനെ വിട്ടു മാറിയില്ല. അവൾ ക്രൂശിന്റെ സമീപത്ത് നിന്നു യേശുവിന്റെ വേദനയും മരണവും നേരിട്ട് കണ്ടു. ഈ സംഭവം അവളുടെ അചഞ്ചലമായ വിശ്വാസത്തെയും ആത്മാർത്ഥമായ സ്നേഹത്തെയും തെളിയിക്കുന്നു. പ്രതിസന്ധികളിലും കഷ്ടതകളിലും ദൈവത്തോടുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിന്റെ മഹത്തായ ഉദാഹരണമാണ് അവളുടെ ജീവിതം.

**മഗ്ദലന മറിയം യേശുവിന്റെ ദൗത്യത്തിൽ സജീവമായി പങ്കെടുത്തതിലൂടെ അവളുടെ ആത്മാർത്ഥമായ വിശ്വാസവും സമർപ്പണവും പ്രകടമാകുന്നു. അവൾ യേശുവിനെ അനുഗമിച്ചത് അവന്റെ അത്ഭുതങ്ങളും മഹത്വവും കണ്ടപ്പോൾ മാത്രം അല്ല; മറിച്ച് അവന്റെ വേദനയുടെയും കഷ്ടതയുടെയും സമയത്തും അവനെ വിട്ടുമാറാത്ത വിശ്വസ്ത അനുയായിയായി അവൾ നിലകൊണ്ടു.**

നാലാമതായി, വിശ്വസ്ത സാക്ഷ്യം എന്ന പാഠവും അവളുടെ ജീവിതത്തിൽ വ്യക്തമായി പ്രകടമാകുന്നു. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യ സാക്ഷികളിൽ ഒരാളായി മാറിയ അവൾ, ഈ മഹത്തായ വാർത്ത ശിഷ്യന്മാരോട് അറിയിക്കാൻ ധൈര്യത്തോടെ മുന്നോട്ട് വന്നു. “ഞാൻ കർത്താവിനെ കണ്ടു” എന്ന സാക്ഷ്യം അവളുടെ ആത്മീയ ധൈര്യത്തിന്റെ പ്രകടനമാണ്. ഇതിലൂടെ അവൾ ക്രിസ്തീയ വിശ്വാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട സുവിശേഷത്തിന്റെ ആദ്യ സാക്ഷിയായി മാറി.

ഇങ്ങനെ, മഗ്ദലന മറിയത്തിന്റെ ജീവിതം വിശ്വാസികളായ എല്ലാവർക്കും ഒരു സമ്പൂർണ്ണ ആത്മീയ മാതൃകയായി നിലകൊള്ളുന്നു. ദൈവത്തിന്റെ കൃപ മനുഷ്യനെ മാറ്റുകയും, നന്ദിയോടെ ജീവിക്കാൻ പഠിപ്പിക്കുകയും, പ്രതിസന്ധികളിൽ ധൈര്യത്തോടെ നിലകൊള്ളാൻ ശക്തി നൽകുകയും, സത്യത്തിന്റെ സാക്ഷികളാകാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു എന്ന സത്യം അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ അവളുടെ ജീവിതം ഇന്നും വിശ്വാസജീവിതത്തിന് ദിശാബോധം നൽകുന്ന ഒരു പ്രകാശസ്തംഭമായി കണക്കാക്കപ്പെടുന്നു.

ക്രിസ്തീയ വിശ്വാസചരിത്രത്തിൽ അതുല്യമായ സ്ഥാനമുള്ള മഗ്ദലന മറിയത്തിന്റെ ജീവിതം വിശ്വാസം, നന്ദി, സമർപ്പണം എന്നിവയുടെ സമന്വയമായ ഒരു മനോഹര മാതൃകയായി നിലകൊള്ളുന്നു. ബൈബിളിൽ കാണുന്ന അവളുടെ ജീവിതയാത്ര ദൈവത്തിന്റെ കൃപ മനുഷ്യജീവിതത്തിൽ എത്രത്തോളം ആഴത്തിലുള്ള മാറ്റം സൃഷ്ടിക്കാനാകുമെന്ന് തെളിയിക്കുന്ന ശക്തമായ സാക്ഷ്യമാണ്. ഒരുകാലത്ത് ആത്മീയ ഇരുട്ടിലും കഷ്ടതകളിലും ആയിരുന്ന അവൾ, യേശുക്രിസ്തുവിന്റെ സാന്നിധ്യത്തിലൂടെ പുതുക്കപ്പെട്ട ജീവിതത്തിലേക്ക് ഉയർന്നത് ദൈവകൃപയുടെ മഹത്വം വ്യക്തമാക്കുന്നു.

മഗ്ദലന മറിയം യേശുവിന്റെ ദൗത്യത്തിൽ സജീവമായി പങ്കെടുത്തതിലൂടെ അവളുടെ ആത്മാർത്ഥമായ വിശ്വാസവും സമർപ്പണവും പ്രകടമാകുന്നു. അവൾ യേശുവിനെ അനുഗമിച്ചത് അവന്റെ അത്ഭുതങ്ങളും മഹത്വവും കണ്ടപ്പോൾ മാത്രം അല്ല; മറിച്ച് അവന്റെ വേദനയുടെയും കഷ്ടതയുടെയും സമയത്തും അവനെ വിട്ടുമാറാത്ത വിശ്വസ്ത അനുയായിയായി അവൾ നിലകൊണ്ടു. പ്രത്യേകിച്ച് ക്രൂശുമരണ സമയത്ത് അവൾ കാണിച്ച ധൈര്യവും ആത്മാർത്ഥതയും അവളുടെ വിശ്വാസത്തിന്റെ ആഴം വ്യക്തമാക്കുന്നു.

അതുപോലെ തന്നെ, യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ ആദ്യ സാക്ഷികളിൽ ഒരാളായി മാറിയ അവൾ, ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രസന്ദേശം ലോകത്തോട് പങ്കുവെച്ച വ്യക്തിയുമാണ്. ശൂന്യമായ കല്ലറ കണ്ടതും ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിൽ കണ്ടുമുട്ടിയതും, തുടർന്ന് ഈ സന്തോഷ വാർത്ത ശിഷ്യന്മാരോട് അറിയിച്ചതും അവളുടെ ജീവിതത്തെ ക്രിസ്തീയ വിശ്വാസചരിത്രത്തിൽ ശാശ്വതമായി ഉറപ്പിച്ചു.

ഇങ്ങനെ നോക്കുമ്പോൾ, ക്രൂശുമരണത്തിലും ഉയിർത്തെഴുന്നേൽപ്പിലും അവളുടെ സാന്നിധ്യം അവളെ ക്രിസ്തീയ വിശ്വാസചരിത്രത്തിലെ അനിവാര്യ വ്യക്തിയാക്കി മാറ്റുന്നു. അവളുടെ ജീവിതം വിശ്വാസത്തിൽ ഉറച്ചു നിൽക്കാനുള്ള പ്രചോദനവും, ദൈവകൃപയോടുള്ള നന്ദിയും, സമർപ്പിതമായ ജീവിതത്തിന്റെ മഹത്വവും നമ്മെ പഠിപ്പിക്കുന്നു.

അതിനാൽ മഗ്ദലന മറിയത്തിന്റെ ജീവിതം ഇന്നും വിശ്വാസികൾക്ക് പ്രചോദനവും ആത്മീയ ദിശാബോധവും നൽകുന്ന ഒരു മഹത്തായ മാതൃകയായി തുടരുന്നു. അവളുടെ സാക്ഷ്യം മനുഷ്യജീവിതത്തിൽ ദൈവത്തിന്റെ സാന്നിധ്യവും പ്രവർത്തനവും എങ്ങനെ രൂപാന്തരം വരുത്തുന്നു എന്നതിന്റെ ശാശ്വതമായ ഓർമ്മപ്പെടുത്തലാണ്. ❑

## പരുമല ആശുപത്രിക്ക് CAHO iCOMPLY 2026 എക്സലൻസ് അവാർഡ്

ചികിത്സാ രംഗത്തെ സുരക്ഷയും ഗുണനിലവാരവും മുൻനിർത്തി കൺസോർഷ്യം ഓഫ് അക്രഡിറ്റഡ് ഹെൽത്ത്കെയർ ഓർഗനൈസേഷൻസ് (CAHO) ഏർപ്പെടുത്തിയ ‘iCOMPLY 2026’ എക്സലൻസ് സർട്ടിഫിക്കറ്റ് പരുമല ആശുപത്രി കരസ്ഥമാക്കി. ആശുപത്രിയിലെ അണുബാധ നിയന്ത്രണ സംവിധാനങ്ങൾ (Infection Prevention and Control), ആന്റി മൈക്രോബിയൽ സ്റ്റീവാർഡ്ഷിപ്പ് എന്നിവയിൽ പുലർത്തുന്ന ആഗോള നിലവാരത്തിനുള്ള അംഗീകാരമാണിത്. ഓരോ രോഗിക്കും ഏറ്റവും സുരക്ഷിതമായ ചികിത്സാ അന്തരീക്ഷം ഉറപ്പാക്കുന്നതിൽ പരുമല ആശുപത്രി പുലർത്തുന്ന പ്രതിബദ്ധതയ്ക്കുള്ള തെളിവാണ് ഈ നേട്ടം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

# പുതു ഞായറാഴ്ച്ചക്ക് ശേഷമുള്ള ഒന്നാം ഞായർ

## (യോഹന്നാൻ 21:1-14)

## ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)


ഉയിർത്തെഴുന്നേറ്റവനായ കർത്താവിനെ ശിഷ്യന്മാർ നേരിട്ട് കണ്ടെങ്കിലും അവർക്ക് ഇടയിൽ ഉണ്ടായിരുന്ന ആശയക്കുഴപ്പവും അനിശ്ചിതത്വവും മാറിയിരുന്നില്ല എന്നതിന്റെ തെളിവാണ് ശിഷ്യന്മാരുടെ ഒരു കൂട്ടം മത്സ്യബന്ധനത്തിന് പോയി എന്നത്. തങ്ങളുടെ നിയോഗങ്ങളിലെ വ്യക്തതക്കുറവും പഴയ ജീവിത രീതികളിലേക്ക് മടങ്ങുന്നതിന്റെ പ്രതീകവുമാണ് ഈ തീരുമാനത്തിന് പിന്നിൽ. നേതൃത്വം കൊടുക്കുന്ന പത്രോസിന്റെ തീരുമാനം അവന്റെ ഉള്ളിലെ സംഘർഷവും ദിശയില്ലായ്മയും പ്രതിഫലിപ്പിക്കുന്നു. ജീവിതത്തിൽ സംശയങ്ങളും അനിശ്ചിതങ്ങളും നേരിടുമ്പോൾ നാം എത്രത്തോളം നിരാശയിലേക്ക് താണു പോകുന്നു എന്ന ചോദ്യത്തിലേക്ക് ഈ വേദഭാഗം നമ്മെയും ഉണർത്തുന്നുണ്ട്.

ശിഷ്യന്മാരുടെ ജീവിതത്തിന്റെ മൂന്ന് ഘട്ടങ്ങളിലേക്ക് ഇന്നത്തെ വേദഭാഗം വിരൽ ചൂണ്ടുന്നുണ്ട്

### ശൂന്യതയുടെ രാത്രി (Night of Emptiness)

മനുഷ്യരെ പിടിക്കുവാൻ നിയോഗം ലഭിച്ചവരായ ശിഷ്യന്മാർ അതിനെ മറന്ന് അവനവനിലേക്ക് തന്നെ മടങ്ങുന്നു എന്നതിന്റെ സൂചനയാണ് ഇവിടെ പ്രതിപാദിക്കുന്ന രാത്രി. ക്രിസ്തു ശിഷ്യൻ എന്ന വിളിയിലേക്ക് വരുന്നതിനു മുൻപ് തങ്ങളുടെ പ്രയത്നത്തിന്റെ വ്യർഥതയെ ബോധ്യപ്പെടുത്തുന്ന ഒരു സംഭവം അവർക്ക് പരിചയമുണ്ട്. (ലൂക്കോസ് 5:5). എങ്കിൽപോലും വിശ്വാസരാഹിത്യവും ആത്മപ്രശംസയും മീൻപിടുത്തം എന്ന് തങ്ങളുടെ തൊഴിലിലേക്ക് അവരെ വീണ്ടും തിരിച്ചു വിടുകയാണ്. ദൈവഹിതപ്രകാരമല്ലാത്ത മനുഷ്യപ്രയത്നത്തിന്റെ നിരർഥതയാണ് ഇവിടെ പ്രകടമാകുന്നത്.

രാത്രി മുഴുവൻ അധ്വാനിച്ചിട്ടും അവരുടെ വല ശൂന്യമായിരുന്നു എന്നതു പോലെ അവരുടെ ഹൃദയവും ശൂന്യമായിരുന്നു. ഒരുവന്റെ ജീവിത വഴികളിൽ അവൻ മറന്നു പോകുന്ന അവൻറെ ലക്ഷ്യങ്ങളുടെയും നിയോഗങ്ങളുടെയും ശൂന്യതയാണത്. ഭ്രാന്ത് പിടിപ്പിക്കുന്ന ജോലിത്തിരക്കിൽ പെട്ടുപോകുമ്പോഴും ജീവിതത്തിൽ സന്തോഷം കണ്ടെത്താൻ ആകാത്ത മനുഷ്യജന്മങ്ങളുടെ സാദൃശ്യം ഈ സംഭവത്തിന് ഉണ്ട്.

### തിരിച്ചറിവിന്റെ പ്രഭാതം (Dawn of Recognition)

അന്ധകാരത്തെ മാറ്റുന്ന പ്രകാശം പോലെ നൈരാശ്യത്തിന്റെ ശൂന്യതയിലേക്ക് കടന്നുവരുന്ന കർത്താവിനെ തിരിച്ചറിയുന്ന പ്രഭാതത്തിന് കാന്തി കൂടുതലാണ്. കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതുമുണ്ടോ എന്ന ചോദ്യം നിങ്ങളുടെ ആത്മീയ ജീവിതത്തിൽ യോഗ്യമായത് എന്തെങ്കിലും അവശേഷിക്കുന്നുണ്ടോ എന്ന തലത്തിൽ ഉള്ള അന്വേഷണമായി വേണം മനസ്സിലാക്കുവാൻ. വാസ്തവത്തിൽ തിരിച്ചറിവിലേക്ക് വരുന്നതിനുമുമ്പ് ഗുരു അവരെ നിയോഗങ്ങളിലേക്ക് വീണ്ടും കൂട്ടിക്കൊണ്ടു വരികയാണ്. കർത്താവിന്റെ അഭാവത്തിൽ ചെയ്ത തെല്ലാം അബദ്ധങ്ങൾ ആയിരുന്നുവെന്ന് ബോധ്യമാണ് ഞങ്ങളുടെ അധ്വാനം വെറുതെയായി പോയി എന്ന് ഏറ്റുപറച്ചിൽ വ്യക്തമാകുന്നത്. "അത് കർത്താവ് ആകുന്നു" എന്ന യോഹന്നാന്റെ സാക്ഷ്യം എക്കാലത്തും പ്രസക്തമാണ്. ധൂർത്തനായ പുത്രന്റെ ഉപമയിൽ താൻ പാപം ചെയ്തു പോയി എന്ന് ആ മകന് അവബോധം ഉണ്ടാകുന്ന ആ നിമിഷം പോലെ ശക്തമാണ് ശിഷ്യത്വ ജീവിതത്തിലും കർത്താവിനെ തിരിച്ചറിയുന്ന നിമിഷം. പ്രഭാതത്തിൽ സൂര്യനുദിച്ചു വരുന്നത് പോലെ അസ്തമിച്ച എല്ലാ ക്രിസ്തു ബോധ്യങ്ങളും കുതിച്ചുയരണം.

### കൂട്ടായ്മയുടെ പ്രാതൽ (Breakfast of Fellowship)

വിരുന്നൊരുക്കി കാത്തിരിക്കുന്ന കർത്താവിന്റെ ചിത്രം സുവിശേഷത്തിലെ മനോഹര ചിത്രങ്ങളിൽ ഒന്നാണ്. അതിഥിയാവേണ്ടവൻ ആതിഥേയനായി

വിരുന്നൊരുക്കുന്നത് അവനോട് ഒരുമിച്ചുള്ള കൂട്ടായ്മയിലേക്ക് ചേർക്കുവാനാണ്. നിയോഗ വഴികളിൽ പിന്നോക്കം പോയവർക്ക് അപ്പവും മത്സ്യവും ചേർത്ത് വിരുന്നൊരുക്കി അവൻ കാത്തിരിക്കുകയാണ്. മരുഭൂമിയിൽ വച്ച് എല്ലാവരെയും സംതൃപ്തരാക്കി ദൈവവചനത്തോട് ചേർത്തുനിർത്തിയത് പോലെ ശിഷ്യന്മാരെയും ദൈവിക കൂട്ടായ്മയിലേക്ക് ഒരുക്കപ്പെട്ട പ്രാതലിലൂടെ അവൻ ക്ഷണിക്കുകയാണ്. തടിച്ച കാളക്കുട്ടിയും വിശേഷപ്പെട്ട അങ്കിയും പൊന്മോതിരവും നൽകി ധൂർത്തനായ പുത്രനെ തിരികെ സ്വീകരിച്ചതുപോലെ കൂട്ടായ്മയുടെ അനുഭവത്തിലേക്ക് കർത്താവ് നമ്മെയും ക്ഷണിക്കുന്നുണ്ട്.

എമ്മാവോസിലേക്ക് പോയ ശിഷ്യന്മാർക്ക് അപ്പം വാഴ്ത്തി നൽകിയത് പോലെ ഈ സംഭവത്തിനും വിശുദ്ധ കുർബാനയുമായി ഏറെ സാധർമ്മ്യങ്ങൾ ഉണ്ട്. ഓരോ വിശുദ്ധ കുർബാനയും ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവിനോട് ഒരുമിച്ചുള്ള കൂട്ടായ്മയിലേക്കുള്ള ക്ഷണമാണ്. ഈ കൂട്ടായ്മ ഒരേസമയം വ്യക്തിപരവും സമൂഹപരവും ആണെന്ന് ഈ സംഭവം നമ്മെ ഉദ്ബോധിപ്പിക്കുന്നു ❑

**കറുകച്ചാൽ എം. ജി. ഡി. ആശ്രമാംഗമായ ഫാ. ഡോ. യൂഹാനോൻ രചിച്ച 'ബലിവേദിയിലെ സാരാഹുകൾ' (A Guide to the Altar Assistants) എന്ന പുസ്തകം പ്രകാശനം ചെയ്തു. ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ മാവേലിക്കര ഭദ്രാസന സെക്രട്ടറി റവ. ഫാ. ജോൺസ് ഈപ്പന് നൽകി പുസ്തകം പ്രകാശനം ചെയ്തു. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ പുസ്തക പരിചയം നടത്തി.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

# "Children, is there anything to eat?"

## The first Sunday after the New Sunday.

### (St. John 21:1-14)



**Philipose Ramban**
(Jyothis Ashram, Abu Road, Rajasthan)

On the first day of the week, which is Sunday, the disciples of Jesus Christ, fearing the Jews, were staying with the doors closed. Into that room, he came and appeared to them. Saying "Peace to you", he showed them his hands and side. He also gave them the authority to forgive sins. At this time, Thomas, who was one among the disciples, was not there. When eight days had passed, at a time when Thomas was also present, Jesus the Lord, appearing to them for the second time, called Thomas and showed him his hands and side. Like that, he convinced all the disciples that he had truly resurrected. They believed it.

However, regarding these disciples, for the past three and a half years, Jesus the Lord was always with them. They were all engaged in various jobs. Fishermen, tax collectors. It was by abandoning all these jobs that they followed Jesus. But, the person with whom they set out after abandoning everything is not physically with them now. In a situation like this, being confused without any clarity about what to do next, when each of them returned to their old lives and to their old jobs, Jesus the Lord appears to them for the third time to strengthen them in faith once more.

It was by the Sea of Tiberias that Jesus the Lord appeared to the disciples. What next? How? From where to begin? Where to go? In a situation burdened by all such thoughts, Peter and his six co-worker disciples; Thomas, Nathanael, James, John, and two other people (those two are said to be Peter's brother Andrew and Philip, who brought Nathanael to Jesus the Lord). Thomas was also in this group, even though Thomas was not present in the first appearance of Jesus Christ, at all times later, Thomas was also present with the disciples.

Among these disciples, the eldest, Peter, says to them: "I am going to catch fish." Then the others said, "If you are going to catch fish, we are also coming with you," and they all went together to catch fish. Even though these fishermen, who were great experts in catching fish, worked hard the whole night, when they did not get even a single fish, they were in great disappointment and sorrow. Not only that, because they worked hard the whole night without sleeping, they appeared very tired.

To the disciples who passed the whole night like this, tired, in disappointment, and in sorrow, when it became morning, someone standing on the shore asks: "Children, is there anything to eat?" At first, they might have felt a lot of anger. Without understanding who was speaking to them, they replied "No." "Cast the net on the right side of the boat, then you will get," said that stranger. Immediately, without any hesitation, doubt, or questioning, they did exactly like that. They cast the net on the right side of the boat. Let it be called a miracle; they received the net full of various types of big fishes in such a way that they could not pull and raise the net.

At this time, John, who was the youngest among the disciples, realizing that the one standing on the shore and speaking to them is their Master Jesus, says to Peter: "It is the Lord." Immediately upon hearing this, without thinking anything, to reach the presence of the Lord, Peter wrapped his garment around his waist, jumped into the sea, and reaches near the Lord. The remaining disciples come to the shore in small boats with the net full of fish. Peter pulled and raised the net filled with 153 big fishes to the shore.

When all the disciples reached the shore, they see fish kept on the coals of fire and bread. Jesus the Lord commanded them to bring some of the fish caught just now. Jesus the Lord is waiting, having prepared breakfast for them. When they reached, Jesus the Lord said to them, "Come to have breakfast." He gave them bread and fish. The disciples are eating breakfast with Jesus. Let us note some small thoughts that we can understand from this part.

**The Disciples who were Habitual Hard-Workers**

When Peter the Apostle says, "I am going to catch fish," it is not because they abandoned the Lord's work or as a result of disappointment. They did not have any specific work at that time. They had not yet received the gift of the Holy Spirit. Since they generally came from poor families, there might have been difficulty in daily livelihood. In such a state, because they were habitual hard-workers from a young age, sitting idle was a very difficult thing for them; therefore, they prepared to live by working hard. Thus, they worked hard the whole night. In this situation, the Lord appearing to them encourages them further.

Regarding a Christian minister, one thing he must always remember is that it is not possible to separate his spiritual life and secular life. It cannot be seen as two. Our spiritual life and secular life are like two sides of a coin.

In secular life, we must be able to experience the spiritual presence of Christ. Christ reaches the place where the disciples went for their labor and encourages them. It is when they were in a bit of disappointment, having received nothing, that John the Apostle sees Christ. The greatest example we can see here is that Christ is with us not only in our times of happiness but also in our times of difficulty.

The Lord, who asked "Children, is there anything to eat?" and was waiting having prepared breakfast for them. When they were toiling for food and the fact that they got nothing became clear to the Lord, He asked this way to make them aware of their helplessness and the necessity of His help. Not only did He ask, the Lord also provided for them. Therefore, this part exhorts us that man should not rely only on his own ability but should depend more on Divine Providence.

**The Disciples who Valued the Words of Others**

"Cast the net on the right side of the boat." Without revealing who He was, He instructed them to cast the net on the right side, and they obeyed it. Without getting into an argument saying, "Who are you to advise us, we have more grasp of fishing than you," the disciples thought there might be some matter in what others say and valued their words. Without any question, they obeyed and they received a great reward. Even though they had been fishermen for all these years, they have now received a great reward that they had never received in their lives until now. 153 big fishes. We read that the net was about to tear. They received fish that were large and filled the net.

Casting the net on the right side of the boat, from the left to the right, from evil to good, can be understood as symbolizing a transformation. Advice for good deeds, no matter who it comes from, is beneficial to obey. Here, as a result of the Lord's disciples honoring the call toward goodness, they received two types of benefits: physical and spiritual. Firstly, they received a reward for their labor; they received a net full of fish. Secondly, they were able to recognize the Lord. Therefore, in our spiritual life as well as in our secular life, we must be able not only to recognize good things but also to listen not to who tells us but to what is being said, and if there is goodness in it, to obey them.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം

# ഭൂപടത്തിന് പുറത്തേക്കുള്ള മടങ്ങൽ

ഫാ. അജീഷ് ബാബു

വീട്ടിൽനിന്ന് അവകാശം വാങ്ങി ഇറങ്ങിപ്പോയവൻ പന്നിക്കൂട്ടിൽ മനുഷ്യൻ തോൽക്കുമ്പോൾ, അത് ഒരു ശരീരപരമായ തോൽവി മാത്രമല്ല; അത് അവന്റെ ഭൂപടം പൊളിഞ്ഞുപോകുന്ന നിമിഷമാണ്. ഒരിക്കൽ "എന്റെ" എന്ന് വിളിച്ചിടങ്ങളുടെയും, "എന്നെ" എന്ന് തിരിച്ചറിഞ്ഞ മുഖങ്ങളുടെയും, "നിന്റെവൻ" എന്ന് വിളിച്ച ശബ്ദങ്ങളുടെയും ഭൂപടം അവിടെ ചിതറിപ്പോകുന്നു. വിശപ്പിന്റെ കഠിനതയിൽ, അവൻ ഭക്ഷണത്തിനായി കൈ നീട്ടുമ്പോൾ, പന്നികൾ തന്നെ അവനെ മറികടക്കുന്നു; അപ്പോൾ അവൻ തിരിച്ചറിയുന്നു. തന്റെ വിശപ്പിനും ഇനി ഒരു തിരിച്ചറിയലില്ല. അതുപോലെ, തന്റെ ജീവിതത്തിനും.

"ഭൂപടം" ഒരു ഭൂമിശാസ്ത്രരേഖയല്ല; അത് ബന്ധങ്ങളുടെ അന്തർലോകമാണ്. നമ്മൾ ആരെ സ്നേഹിക്കണം, ആരെ ഒഴിവാക്കണം, ആരെ സ്വന്തമെന്ന് വിളിക്കണം, ആരെ അന്യനാക്കണം. ഇതെല്ലാം നിർണ്ണയിക്കുന്ന അദൃശ്യരേഖകളുടെ കൂട്ടായ്മയാണ് ഭൂപടം. ആ രേഖകൾ ഒരിക്കൽ അവനുവേണ്ടി വരച്ചതായിരുന്നു; എന്നാൽ ഇപ്പോൾ അവൻ അവയുടെ പുറത്താണ്. ഭൂപടത്തിൽ സ്ഥാനമില്ലാതെ പോകുന്ന മനുഷ്യൻ, അതാണ് അവന്റെ ഏറ്റവും വലിയ ദുരന്തം. കാരണം, സ്ഥലം നഷ്ടപ്പെടുന്നത് വെറും ഇടം നഷ്ടപ്പെടൽ അല്ല; അത് അർത്ഥം നഷ്ടപ്പെടലാണ്.

പന്നിക്കൂട്ടിൽ നിൽക്കുന്ന ഈ മനുഷ്യൻ, തന്റെ ശരീരത്തിൽ തന്നെ ഈ സത്യത്തെ അനുഭവിക്കുന്നു. അവൻ ഇനി ആരുടേയോ പുത്രൻ അല്ല; ആരുടേയോ ഓർമ്മയിലും പോലും ഇല്ലാത്തവൻ. ഭൂപടത്തിന്റെ രേഖകൾ അവനെ പുറത്താക്കി കഴിഞ്ഞു. "നമ്മൾ" എന്നും "അവർ" എന്നും വേർതിരിച്ചിരുന്ന ലോകം, അവനെ "ആരും അല്ല" എന്ന നിലയിലേക്ക് തള്ളിയിരിക്കുന്നു.

അവിടെ നിന്നാണ് ഓർമ്മ ഉയരുന്നത്, "എന്റെ ഭവനം...' ഈ ഓർമ്മ ഒരു സ്മരണം മാത്രമല്ല; അത് ഭൂപടത്തിന്റെ ഒരു തകർന്ന ഭാഗം വീണ്ടും തെളിയുന്നതാണ്. പക്ഷേ, ഈ ഓർമ്മയുടെ വിചിത്രത എന്തെന്നാൽ, അത് സ്നേഹത്തിന്റെ ഭാഷയിൽ വരുന്നതിന് മുമ്പ്, വിശപ്പിന്റെ ഭാഷയിലാണ് വരുന്നത്. "അവശേഷിച്ച ഭക്ഷണം" ഈ വാക്ക്, ഒരു തുച്ഛതയുടെ അടയാളമല്ല; മറിച്ച് ഒരു ബന്ധത്തിന്റെ അവശിഷ്ടമാണ്. അവിടെ ശേഷിപ്പുകൾ പോലും അർത്ഥവത്താണ്, കാരണം അവയ്ക്ക് ഒരു "സ്വന്തം" ഉണ്ടായിരുന്നു. ഇവിടെ, അവൻ മുഴുവനായിട്ടും അർത്ഥശൂന്യനാണ്.

ഭൂപടം വീണ്ടും വായിക്കപ്പെടുന്നു.

മനുഷ്യൻ തന്റെ ജീവിതത്തിൽ വരച്ചിരുന്ന രേഖകൾ "ഇവൻ എന്റെവൻ", "അവൻ അന്യൻ", "ഇവിടെ ഞാൻ ഉൾപ്പെടുന്നു", "അവിടെ ഞാൻ പുറത്താണ്" ഇവ എല്ലാം ഇപ്പോൾ അവനെതിരായി മാറുന്നു. അവൻ തിരിച്ചറിയുന്നു: ഭൂപടം ഒരിക്കലും വസ്തുനിഷ്ഠമായിരുന്നില്ല; അത് ഒരു ഭ്രമം ആയിരുന്നു. അതിൽ വരച്ചിരുന്ന രേഖകൾ, അവനെ സംരക്ഷിച്ചില്ല; മറിച്ച് അവനെ പുറത്താക്കാൻ തന്നെ സഹായിച്ചു. അതിനാൽ, മടങ്ങൽ ഇവിടെ ഒരു യാത്ര മാത്രമല്ല; അത് ഒരു ഭൂപടവിമോചനമാണ്.

അവൻ മടങ്ങുമ്പോൾ, അവൻ ഒരു അവകാശവും കൊണ്ടുപോകുന്നില്ല. അവൻ തന്റെ സ്ഥാനം തിരിച്ചു ആവശ്യപ്പെടുന്നില്ല. അവൻ ഒരു സേവകന്റെ സ്ഥാനം മാത്രം അഭ്യർത്ഥിക്കുന്നു അതായത്, ഭൂപടത്തിന്റെ അരികിൽ എങ്കിലും നിലകൊള്ളാൻ. എന്നാൽ, ഈ ഉപമയുടെ അദ്ഭുതം ഇവിടെ തന്നെയാണ്: പിതാവ് ഭൂപടത്തിന്റെ നിയമങ്ങൾ അനുസരിക്കുന്നില്ല. അവൻ രേഖകൾ ചോദിക്കുന്നില്ല; അവൻ അർഹത പരിശോധിക്കുന്നില്ല.

പിതാവ് കാത്തുനിൽക്കുന്നു, വീടിന്റെ മുൻവശത്ത്. ഒരു കാത്തിരിപ്പ് മാത്രമല്ല; ഇത് ഭൂപടത്തെ മറികടക്കുന്ന ഒരു സ്നേഹമാണ്. മനുഷ്യൻ വരച്ച രേഖകൾ എല്ലാം പിതാവിന്റെ ഹൃദയത്തിൽ ഇല്ലാതാകുന്നു. "നമ്മൾ" എന്നും "അവർ" എന്നും ഉള്ള എല്ലാ വിഭജനങ്ങളും അവിടെ തകർന്നുവീഴുന്നു.

പുത്രൻ മടങ്ങുമ്പോൾ, അവൻ ഒരു പരിധിക്കുള്ളിലേക്ക് പ്രവേശിക്കുന്നില്ല; അവൻ ഒരു പരിധിയില്ലാത്ത സ്നേഹത്തിലേക്ക് വീഴുന്നു.

ഇവിടെ നാം ഒരു പുതിയ ഭൂപടം കാണുന്നു. രേഖകളില്ലാത്ത ഒരു ഭൂപടം.

അർഹതകളില്ലാത്ത ഒരു ഭൂപടം.

വ്യത്യാസങ്ങളെ രേഖപ്പെടുത്താത്ത, മറിച്ച് അവയെ അലിഞ്ഞുചേരുന്ന ഒരു ഭൂപടം.

പുത്രൻ തന്റെ വാക്കുകൾ തയ്യാറാക്കുമ്പോൾ "ഞാൻ അർഹനല്ല...' അവൻ ഇപ്പോഴും പഴയ ഭൂപടത്തിന്റെ ഭാഷയിലാണ് സംസാരിക്കുന്നത്. അവിടെ അർഹതകൾ ഉണ്ട്, സ്ഥാനങ്ങൾ ഉണ്ട്, പരിധികൾ ഉണ്ട്. എന്നാൽ പിതാവ് അവനെ ചേർത്തുപിടിക്കുമ്പോൾ, ആ ഭാഷ തകർന്നുപോകുന്നു. ഇവിടെ വാക്കുകൾക്ക് മുമ്പ് സ്പർശം വരുന്നു; നിയമങ്ങൾക്ക് മുമ്പ് സ്നേഹം വരുന്നു.

അപ്പോൾ നമുക്ക് മനസ്സിലാകുന്നു:

മടങ്ങൽ, ഭൂപടത്തിലേക്ക് തിരിച്ചുവരൽ അല്ല; മടങ്ങൽ, ഭൂപടം തന്നെ അനാവശ്യമായി മാറുന്ന ഒരു അനുഭവമാണ്.

പന്നിക്കൂട്ടിൽ തോറ്റ മനുഷ്യൻ, യഥാർത്ഥത്തിൽ ഒരു പുതിയ ലോകത്തിന്റെ വാതിൽക്കൽ നിൽക്കുകയാണ്. അവിടെ "ആരും അല്ല" എന്ന അവസ്ഥ, "എല്ലാം ആകാൻ" തുറക്കുന്ന ഒരു വഴി ആകുന്നു. അവിടെ നഷ്ടപ്പെടൽ തന്നെ കണ്ടെത്തലായി മാറുന്നു. നമ്മൾ ഇപ്പോഴും രേഖകളിൽ കുടുങ്ങിയവരോ? നമ്മുടെ സ്നേഹം ഭൂപടങ്ങൾ അനുസരിച്ചാണോ സഞ്ചരിക്കുന്നത്? അല്ലെങ്കിൽ, ഒരിക്കൽ എങ്കിലും നമുക്ക് ആ രേഖകൾ കടക്കാൻ ധൈര്യമുണ്ടോ? കാരണം, പന്നിക്കൂട്ടിൽ നിന്നുള്ള മടങ്ങൽ, ഒരു വീട്ടിലേക്കുള്ള യാത്ര മാത്രമല്ല; അത് മനുഷ്യൻ തന്റെ തന്നെ വരച്ച ഭൂപടത്തിൽ നിന്ന് പുറത്തേക്കു വരാനുള്ള ധൈര്യമാണ്.

അവിടെ, വീടിന്റെ മുൻവശത്ത്,

ഇന്നും ഒരാൾ കാത്തുനിൽക്കുന്നു. രേഖകളില്ലാതെ, വ്യവസ്ഥകളില്ലാതെ,

പേര് വിളിക്കാൻ മാത്രം തയ്യാറായി.

നമ്മുടെ മിത്രമാരെന്നും ശത്രുവാരെന്നും തീരുമാനിക്കുന്ന നമ്മുടെ സ്നേഹത്തിന് അർഹരാരെന്നും വിദ്വേഷത്തിനു വിധേയരാകേണ്ടവർ ആരെന്നും കേവലമായ ഉപേക്ഷയ്ക്ക് ഇരകൾ ആരെന്നും തീരുമാനിക്കുന്ന ഛേദിക്കപ്പെട്ട വരകളുടെയും വസ്തുനിഷ്ഠമല്ലാത്ത ചിഹ്നങ്ങളുടെയും ദിമാനപ്രതിപാദനമാണ് ഭൂപടം. ❑

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

**കോട്ടയം മെത്രാസന ശതോത്തര സുവർണ ജൂബിലി സ്തോത്ര സമർപ്പണം പാമ്പാടി ദയറായിൽ നടന്നു. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വി. കുർബ്ബാന അർപ്പിച്ചു.**

**സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ തിരുവിതാംകോട് അരപ്പള്ളിയിൽ വെച്ചു മാർത്തോമ്മൻ സ്മൃതി സംഗമം നടന്നു. ഗീവർഗീസ് മാർ പീലക്സീനോസ് ഉദ്ഘാടനം ചെയ്തു.**

**അഡ്വ തോമസ് ഫിലിപ്പ് എഴുതിയ (via) കോടുകുളഞ്ഞി എന്ന പുസ്തകം മുൻ കേരള പി.എസ്.സി. ചെയർമാൻ എം. ഗംഗാധര കുറുപ്പ്, പ്രൊഫ. ഡോ. ജോസ് പാറക്കടവിനു നൽകി പ്രകാശനം ചെയ്തു.**

**വാഷിങ്ടൺ ഡി സിയിലെ The Catholic University of America യിൽ (Department of Ancient and Medieval Languages and Cultures) നിന്നും "Jacob of Serugh's Homily on the Holy Eucharist: Critical Edition and Translation along with a Comparison with Ephrem's Eucharistic Exegesis എന്ന വിഷയത്തിൽ ഫാ. ബോബി വർഗ്ഗീസിന് ഡോക്ടറേറ്റ് ലഭിച്ചു. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ St. Gregorious Orthodox Church of Dutchess County (Fishkill) ഇടവക വികാരിയും പിറവം വലിയപള്ളി ഇടവക അംഗവുമാണ്.**

## ഏക മനസ്സിലും ഏക അഭിപ്രായത്തിലും

"നമ്മുടെ മക്കളെ, നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താല്പര്യവും ഉള്ളവരാണ്. എന്നാൽ ഒരു കുറവുണ്ട് എന്നു നാം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിടയിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണയുള്ളവനായിരുന്നു എന്ന് വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനത്രേ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത്' എന്നു നമ്മുടെ കർത്താവു കല്പിച്ചിട്ടുണ്ടല്ലോ. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമെ' എന്നു പ്രാർത്ഥിപ്പാനാണ് താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. ഗത്സീമോനിൽ അതിവേദന അനുഭവിച്ചപ്പോഴും 'പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു കർത്താവ് തന്നത്താൻ ഭരമേല്പിച്ചുകൊടുക്കുകയാണു ചെയ്തത്. പ്രിയരെ, ഇതാണു താൻ നമുക്കു വെച്ചേച്ചു പോയിരിക്കുന്ന മാതൃക. ഈ മാതൃക നാം പിൻതുടർന്നാൽ നമ്മുടെ ഇടയിലുള്ള എല്ലാ ഛിദ്രവാസനകളും അവസാനിക്കും. ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

**– പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ**
(അന്ത്യ കല്പനയിൽ നിന്നും)

## കാതോലിക്കാ സിംഹാസനം

"നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു."

**– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി**

തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2026 മെയ് 15-17 തീയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ വെച്ച് നടത്തപ്പെടുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 92-ാമത് രാജ്യാന്തര ത്രിദിന കോൺഫറൻസിന്റെ ലോഗോ പ്രകാശനം കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വെച്ച് യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസും തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. എബ്രഹാം മാർ സെറാഫിമും ചേർന്നു നിർവ്വഹിച്ചു. യുവജന പ്രസ്ഥാനം കേന്ദ്ര-ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

അഖില മലങ്കര പ്രാർത്ഥനായോഗം കോട്ടയം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് ലീഡേഴ്സ് മീറ്റ് 2026, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

## ഒന്നാം റാങ്ക്

സി.ബി.എസ.ഇ. ബോർഡ് പരീക്ഷയിൽ ആറു വിഷയങ്ങളിലും പൂർണ്ണമായ 100 മാർക്ക് (600/600) നേടി ഓൾ ഇന്ത്യ ഒന്നാം റാങ്ക് ആർഷാ അരോമൽ ജെ. കോശി കരസ്ഥമാക്കി. ഗുരുഗ്രാം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ അരോമൽ ജെ. കോശിയുടെയും റിയ അരോമലിന്റെയും മകളാണ്.

## സഭാജീവിത നാളാഗമം

### പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം.

**350 പേജ്. വില 400 രൂപ.**

പ്രസാധകർ:
ജ്യോതിസ്സ് പബ്ലിക്കേഷൻസ്,
ജ്യോതിസ്സ് ആശ്രമം, അബു റോഡ്,
രാജസ്ഥാൻ




കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.